# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുഴക്കുന്ന് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698



File No. LSGD/JD/KNR/636/2025-D4 (Computer No. 453296)
Generated from eOffice by BINDU E P, D4 JDKNR-LSGD, D4 JDKNR LSGD, JDKNR LSGD on 27/01/2025 11:46 AM

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.4/1676/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 06/12/2024
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുഴക്കുന്ന് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.



File No. LSGD/JD/KNR/636/2025-D4 (Computer No. 453296)
Generated from eOffice by BINDU E P, D4 JDKNR-LSGD, D4 JDKNR LSGD, JDKNR LSGD on 27/01/2025 11:46 AM

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.4/1676/24 തീയ്യതി: 06/12/2024

## കണ്ണൂർ ജില്ലയിലെ മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-09-2023 മുതൽ 22-10-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 41 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 33 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സി.വി.ജ്യോതിഷ് കുമാർ | ഡെപ്യൂട്ടി ഡയറക്ടർ | 23-10-2024 | 30-10-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 23-10-2024 | 30-10-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. പ്രദീപ് കുമാർ.എം, ഓഡിറ്റ് ഓഫീസർ

ശ്രീ. ഷിജു. എ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. ആൽബർട്ട് ജോസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി. രാജിമ. എ.സി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി. ജിജില. ടി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി. ടി. ബിന്ദു | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ. രാമചന്ദ്രൻ. വി | സെക്രട്ടറി | 01-04-2023 | 07-12-2023 |
| ശ്രീ. ബാലകൃഷ്ണൻ കെ കല്ല്യാടൻ, അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-12-2023 | 11-02-2024 |
| ശ്രീ. ബിജു. പി.ജെ | സെക്രട്ടറി | 12-02-2024 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. രജനി. കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 18-09-2023 |
| ശ്രീ. ബാലകൃഷ്ണൻ കെ കല്ല്യാടൻ | അസിസ്റ്റന്റ് സെക്രട്ടറി | 19-09-2023 | 31-03-2024 |
| ശ്രീ. മുസ്തഫ. സി.എച്ച് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 31-05-2023 |
| ശ്രീ. ജോമോൻ പൗലോസ് | അസിസ്റ്റന്റ് എഞ്ചിനീയർ–ഇൻ–ചാർജ് | 01-06-2023 | 22-07-2023 |
| ശ്രീമതി. സിന്ധ്യ ബേബി ഡാനിയേൽ | അസിസ്റ്റന്റ് എഞ്ചിനീയർ–ഇൻ–ചാർജ് | 23-07-2023 | 12-10-2023 |
| ശ്രീ. മാർട്ടിൻ ചാൾസ് | അസിസ്റ്റന്റ് എഞ്ചിനീയർ–ഇൻ–ചാർജ് | 13-10-2023 | 31-10-2023 |
| ശ്രീമതി. അമല്യ വി ഗോപാൽ | അസിസ്റ്റന്റ് എഞ്ചിനീയർ–ഇൻ–ചാർജ് | 01-11-2023 | 18-11-2023 |
| ശ്രീ. മാർട്ടിൻ ചാൾസ് | അസിസ്റ്റന്റ് എഞ്ചിനീയർ–ഇൻ–ചാർജ് | 19-11-2023 | 15-02-2024 |
| ശ്രീ. ബിജു. പി.ജെ, സെക്രട്ടറി | അസിസ്റ്റന്റ് എഞ്ചിനീയർ–ഇൻ–ചാർജ് | 16-02-2024 | 31-03-2024 |
| ശ്രീ. ജോർജ്. കെ,ജെ | കൃഷി ഓഫീസർ | 01-04-2023 | 31-01-2024 |
| ശ്രീ. ഷിനു തോമസ് | കൃഷി ഓഫീസർ | 01-02-2024 | 22-03-2024 |
| ശ്രീമതി. അനഘ. കെ.പി | കൃഷി ഓഫീസർ | 23-03-2024 | 31-03-2024 |
| ശ്രീ. ഷാജി. കെ.പി | വി.ഇ.ഒ, മുഴക്കുന്ന് സർക്കിൾ | 01-04-2023 | 31-03-2024 |
| ശ്രീ. ഷാജി. കെ.പി | വി.ഇ.ഒ, കാക്കയങ്ങാട് സർക്കിൾ,(അഡിഷനൽ ചാർജ്) | 01-04-2023 | 12-12-2023 |
| ശ്രീ. മുജീബ്. വി.വി | വി.ഇ.ഒ, കാക്കയങ്ങാട് സർക്കിൾ | 13-12-2023 | 12-03-2024 |
| ശ്രീ. ഷാജി. കെ.പി | വി.ഇ.ഒ, കാക്കയങ്ങാട് സർക്കിൾ,(അഡിഷനൽ ചാർജ്) | 13-03-2024 | 31-03-2024 |
| ഡോ. മനോജ് കുമാർ. ടി.ജി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2023 | 30-06-2023 |
| ഡോ. ജിഷ. പി.എസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-07-2023 | 31-03-2024 |
| ഡോ. പി.എൻ. ഷിബു | വെറ്റിനറി സർജ്ജൻ | 01-04-2023 | 16-04-2023 |
| ഡോ. മാനസ. എ | വെറ്റിനറി സർജ്ജൻ | 17-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| ശ്രീ. മുരളീധരൻ. കെ.എ | ഹെഡ് മാസ്റ്റർ | 01-04-2023 | 02-06-2023 |
| ശ്രീ. കെ.പി. ഷംസുദ്ദീൻ | ഹെഡ് മാസ്റ്റർ | 03-06-2023 | 30-06-2023 |
| ശ്രീ. ഗോപാലൻ. പി.പി | ഹെഡ് മാസ്റ്റർ | 01-07-2023 | 31-03-2024 |
| ശ്രീ. ബിനുരാജ്. പി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| ശ്രീ. രജീഷ്. ടി.കെ | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്ററൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ഡോ. പ്രശാന്ത് പി.വി. | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2023 | 01-07-2023 |
| ഡോ. ഡിഗിനപ്രിയ സി.പി. | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 02-07-2023 | 31-03-2024 |
| ഡോ. സലീം പി.വി | മെഡിക്കൽ ഓഫീസർ, ആയൂർവ്വേദം | 01-04-2023 | 07-07-2023 |
| ഡോ. അനീഷ് കുമാർ കെ | മെഡിക്കൽ ഓഫീസർ, ആയൂർവ്വേദം | 08-07-2023 | 09-08-2023 |
| ഡോ. പ്രീതി എം പ്രദീപ് | മെഡിക്കൽ ഓഫീസർ, ആയൂർവ്വേദം | 10-08-2023 | 16-08-2023 |
| ഡോ. അഖില രത്നം എ | മെഡിക്കൽ ഓഫീസർ, ആയൂർവ്വേദം | 17-08-2023 | 18-02-2024 |
| ഡോ. ബിജു ഇ.ആർ | മെഡിക്കൽ ഓഫീസർ, ആയൂർവ്വേദം | 19-02-2024 | 31-03-2024 |
| ശ്രീമതി ആശാലത പി.വി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2023 | 12-04-2023 |
| ശ്രീമതി ലക്ഷ്മിക്കുട്ടി പി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 13-04-2023 | 31-03-2024 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | കാപ്പിറ്റൽ കോൺട്രിബ്യൂഷൻ കാലികമാക്കിയിട്ടില്ല | 1-1-1 |
| 3 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല | 1-1-2 |
| 4 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല | 1-1-4 |
| 6 | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരമുള്ള ക്ലോസിങ് സ്റ്റോക്ക് രേഖപ്പെടുത്തിയിട്ടില്ല | 1-1-5 |
| 7 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | തൻ വർഷം പാർട്ട് ബിൽ നൽകിയ പ്രവൃത്തികളുടെ വിവരം ബാലൻസ് ഷീറ്റ് ബി-11(b) കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സിൽ ചേർത്തിട്ടില്ല | 1-1-7 |
| 9 | വാർഷികകണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ അഡ്വാൻസ് റജിസ്റ്റർ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, എന്നിവ പൂർണ്ണമാക്കി സൂക്ഷിച്ചിട്ടില്ല | 1-1-8 |
| 10 | B-4, ബി-9 ഷെഡ്യൂളിൽ ലയബിലിറ്റീസ് ആയി കാണിച്ച തുകകളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല | 1-1- 9 |
| 11 | MGNREGS വാർഷിക കണക്ക് പ്രകാരമുള്ള ചെലവ് MGNREGS കാഷ് ബുക്ക് പ്രകാരമുള്ള ചെലവ് തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു | 1-1-10 |
| 12 | ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- ചെലവ് വാർഷികകണക്ക് സുലേഖ ചെലവ് പത്രിക എന്നിവയുമായി പൊരുത്തപ്പെടുന്നില്ല | 1-1-11 |
| 13 | ബാലൻസ് ഷീറ്റ് - ഇൻവെസ്റ്റ്മെന്റ് പ്രിഫറൻസ് ഷെയറിന്റെ 5010 രൂപയുടെ ഷെയർ സർട്ടിഫിക്കറ്റ് ഇരട്ടിപ്പായി ഉൾപ്പെടുത്തി | 1-1-12 |
| 14 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-13 |
| 15 | വിവിധ ഗ്രാന്റുകളുടെ ചെലവ് ധനകാര്യ പത്രികയിൽ പ്രതിഫലിച്ചിട്ടില്ല | 1-1-14 |
| 16 | ബജറ്റ് | 1-2 |
| 17 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 18 | ഫണ്ട് വിനിയോഗം | 1-4 |
| 19 | പദ്ധതി അവലോകനം | 1-5 |
| 20 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 21 | ക്ഷേമ പദ്ധതികൾ | 1-7 |
| 22 | ക്യാഷ് പരിശോധന | 1-8 |
| 23 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 24 | ഗ്രാമസഭ | 1-10 |
| 25 | വസ്തു നികുതി പരിഷ്കരണ നടപടികൾ പൂർത്തിയാക്കേണ്ടതാണ്. | 1-11 |
| 26 | വസ്തുനികുതിയിനത്തിലെ കുടിശ്ശിക ഈടാക്കേണ്ടതാണ്. | 1-12 |
| 27 | പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന് നികുതി നിർണ്ണയിച്ചതിലെ അപാകം | 1-13 |
| 28 | തൊഴിൽനികുതി ഈടാക്കുന്നതിലെ അപാകങ്ങൾ | 1-14 |
| 29 | ഇ-ടെണ്ടർ ഫീസ് - ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമായിട്ടില്ല | 1-15 |
| 30 | ഐ.കെ.എം. ന് തുക നൽകൽ– വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹70000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-16 |
| 31 | കണ്ണൂർ വിവര സഞ്ചയിക – പദ്ധതി ലക്ഷ്യം കൈവരിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല -₹499892 യുടെ ചെലവ് തടസപ്പെടുത്തുന്നു. | 1-17 |
| 32 | എ. ബി. സി. പദ്ധതി- വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല ₹100000 യുടെ ചെലവ് | 1-18 |

| | | |
|---|---|---|
| | തടസ്സപ്പെടുത്തുന്നു | |
| 33 | ജൽജീവൻ മിഷൻ പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തേണ്ടതാണ് | 1-19 |
| 34 | സ്ട്രീറ്റ് മെയിൻ ലൈൻ സ്ഥാപിക്കൽ - പദ്ധതിയുടെ പുരോഗതി വിവരം ലഭ്യമല്ല - ₹486713 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-20 |
| 35 | എസ്.എസ്.കെ. വിഹിതം നൽകൽ പദ്ധതി - അപാകങ്ങൾ | 1-21 |
| 36 | വനിത ഫിറ്റ്നസ് സെന്റർ -പദ്ധതി ലക്ഷ്യം കൈവരിച്ച വിവരം ലഭ്യമല്ല -₹399882 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-22 |
| 37 | അങ്കണവാടികളിൽ അനുപൂരക പോഷകാഹാരം -അപാകങ്ങൾ ₹20950 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-23 |
| 38 | വയോജനങ്ങൾക്ക് വിനോദയാത്ര- രേഖകൾ ലഭ്യമല്ല- ₹ 96500യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-24 |
| 39 | കോക്ലിയർ ഇംപ്ലാന്റേഷൻ- മെയിന്റനൻസിനുള്ള വിഹിതം നൽകൽ– വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല ₹300000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-25 |
| 40 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് - രേഖകൾ ലഭ്യമല്ല - 9000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-26 |
| 41 | പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമായില്ല. ചെലവ് തുക ₹17,064 തടസ്സപ്പെടുത്തുന്നു. | 1-27 |
| 42 | ഹരിതകർമ്മസേനക്ക് സുരക്ഷ ഉപകരണങ്ങളും അനുബന്ധസാധനങ്ങളും വാങ്ങൽ– രേഖകൾ ലഭ്യമല്ല-₹180000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-28 |
| 43 | ഹോമിയോ മരുന്ന് ലഭ്യമായിട്ടില്ല - ₹18,400 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-29 |
| 44 | സ്കൂളുകൾക്ക് പത്ര മാസിക വിതരണം - രേഖകൾ ലഭ്യമാക്കിയില്ല - ₹9900 യുടെ ചെലവ് തടസപ്പെടുത്തുന്നു. | 1-30 |
| 45 | പത്താമുദയം സമ്പൂർണ്ണ സെക്കണ്ടറി വിദ്യാഭ്യാസ ജില്ല പദ്ധതി പദ്ധതിയുടെ പുരോഗതി വിവരം ലഭ്യമല്ല | 1-31 |
| 46 | കാർഷിക മേഖലയിലെ പദ്ധതികൾ - പൊതുവായ അപാകങ്ങൾ | 1-32 |
| 47 | മുറ്റത്തൊരു മീൻതോട്ടം-തൊഴിലുറപ്പ് പദ്ധതിയിൽ നിർവഹിക്കുന്നതിനുള്ള സാധ്യത പ്രയോജനപ്പെടുത്തേണ്ടതാണ് | 1-33 |
| 48 | ആസ്തി സംരക്ഷണം-കാര്യക്ഷമമാക്കേണ്ടതാണ് | 1-34 |
| 49 | ഡിസ്മാന്റലിങ് നടന്ന വസ്തുക്കൾ - വിവരം ലഭ്യമല്ല | 1-35 |
| 50 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ -കേരളത്തിലെ മാലിന്യസംസ്കരണം ഹരിതകർമ്മസേനയിലൂടെ - അവലോകനം | 1-36 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |

| | | |
|---|---|---|
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | RECEIPT & PAYMENT STATEMENT | |
| 4 | INCOME & EXPENDITURE STATEMENT | |
| 5 | BALANCE SHEET | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത്‌രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത്‌രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് മുഴക്കുന്ന് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 10-07-2024 ലെ 175/2024 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 10-07-2024 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ മാർച്ച്, 2024ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത്‌രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മുഴക്കുന്ന് ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

കണ്ണൂർ,
06.12.2024.

### 1-1-1 കാപ്പിറ്റൽ കോൺട്രിബ്യൂഷൻ കാലികമാക്കിയിട്ടില്ല

ബാലൻസ് ഷീറ്റിലെ B-3 ഷെഡ്യൂളിൽ Capital Contribution ഷെഡ്യൂളിൽ ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിലും MGNREGS പദ്ധതിയിനത്തിലും സൃഷ്ടിച്ച ആസ്തികൾ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. മറ്റ് ഗ്രാന്റിനത്തിൽ സൃഷ്ടിച്ച ആസ്തികൾ ഈ ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ-2011, ചട്ടം 80 ൽ പരാമർശിച്ചതനുസരിച്ചുള്ളതും B-11 ഷെഡ്യൂളിൽ പരാമർശിച്ചതുമായ ആസ്തികളുടെ മൂല്യം പരിശോധിക്കാനുതകുന്ന വിധത്തിൽ ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

### 1-1-3 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

താഴെ പറയുന്ന ഗ്രാന്റുകളുടെ ബി-4 പ്രകാരമുള്ള നീക്കിയിരിപ്പും ബി-17 പ്രകാരമുള്ള നീക്കിയിരിപ്പും വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഗ്രാന്റുകളുടെ പേര് | ബി-4 പ്രകാരമുള്ള നീക്കിയിരിപ്പ് | ബി-17പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|
| സാക്ഷരത | 22190 | 8279 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 8859818 | 8917340 |

### 1-1-4 സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല

വർഷാരംഭത്തിൽ പ്രതീക്ഷിത വരവിനനുസരിച്ചും സമയാസമയങ്ങളിൽ ഡിമാന്റിലുണ്ടാവുന്ന വ്യത്യാസത്തിനനുസരിച്ചും ജേർണൽ എൻട്രികളിലൂടെ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. ഉദാഹരണം - ഗ്രാമപഞ്ചായത്തിലെ 2023-24 വർഷത്തെ അക്രൂവൽ അടിസ്ഥാനത്തിലുള്ള വസ്തു നികുതി ഇനങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2023-24 സാമ്പത്തിക വർഷത്തെ ഡിമാന്റ് രണ്ട് തവണ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത് (സെപ്റ്റംബർ മാസവും മാർച്ച് മാസവും)

### 1-1-5 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരമുള്ള ക്ലോസിങ് സ്റ്റോക്ക് രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റിലെ ബി-14 ഷെഡ്യൂളിൽ ക്ലോസിങ് സ്റ്റോക്കായി കാണിച്ചിട്ടുള്ള 2234 രൂപ ഗവ. ഹോമിയോഡിസ്പൻസറി, മെഡിക്കൽ ഓഫീസർക്ക് അഡ്വാൻസ് അനുവദിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമായ തുക തെറ്റായി ഹെഡിൽ ജേണൽ എൻട്രി ചെയ്തതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ബാലൻസ് ഷീറ്റിൽ യഥാർത്ഥ ക്ലോസിംഗ് സ്റ്റോക്ക് രേഖപ്പെടുത്തിയിട്ടില്ല.

### 1-1-6 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase / Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹14832913 യാണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹-4367068 യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

### 1-1-7 തൻ വർഷം പാർട്ട് ബിൽ നൽകിയ പ്രവൃത്തികളുടെ വിവരം ബാലൻസ് ഷീറ്റ് ബി-11(b) കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സിൽ ചേർത്തിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ തൻവർഷം പാർട്ട് ബിൽ നൽകിയിട്ടുള്ള പ്രവൃത്തികൾ ഉണ്ടെങ്കിലും ആയതിന്റെ വിവരം ബാലൻസ് ഷീറ്റ് ബി-11(b) കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സിൽ ചേർത്തിട്ടില്ല.

### 1-1-8 വാർഷികകണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ അഡ്വാൻസ് റജിസ്റ്റർ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, എന്നിവ പൂർണ്ണമാക്കി സൂക്ഷിച്ചിട്ടില്ല

1)വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ തയ്യാറാക്കിയ അഡ്വാൻസ് റജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2)വിവിധ ഗ്രാന്റുകളുടെ വരവ് ചെലവ് വിശദാംശങ്ങൾ കാണിക്കുന്ന അപ്രോപ്രിയേഷൻ കൺട്രോൾ റജിസ്റ്റർ പൂർണ്ണമാക്കി സൂക്ഷിച്ചിട്ടില്ല. അപ്രോപ്രിയേഷൻ കൺട്രോൾ റജിസ്റ്ററിലെ വിവിധ ഗ്രാന്റുകളുടെ വരവ് ചെലവ് വിശദാംശം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. ഉദാ- ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്, ശുചിത്വ മിഷൻ ഗ്രാന്റ്, ഐ സിഡി എസ് കേന്ദ്രവിഹിതം, കോൺട്രിബ്യൂഷൻ ഫോർ സ്പെസിഫിക്ക് പർപ്പസ്.

### 1-1- 9 B-4, ബി-9 ഷെഡ്യൂളിൽ ലയബിലിറ്റീസ് ആയി കാണിച്ച തുകകളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല

1) വാർഷിക കണക്കിൽ B-4 ഷെഡ്യൂളിൽ അദർ ലയബിലിറ്റീസ് എന്ന ശീർഷകത്തിൽ കാണിച്ചിട്ടുള്ള 3185634 രൂപയുടെ വിശദാംശം ലഭ്യമല്ല.

2) വാർഷിക കണക്കിൽ B- 9 ഷെഡ്യൂളിൽ Refunds Payable-Deposit Works-ഇനത്തിൽ കാണിച്ചിട്ടുള്ള 76000 രൂപയുടെ വിശദാംശം ലഭ്യമല്ല.

### 1-1-10 MGNREGS വാർഷിക കണക്ക് പ്രകാരമുള്ള ചെലവ് MGNREGS കാഷ് ബുക്ക് പ്രകാരമുള്ള ചെലവ് തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു

വാർഷിക കണക്ക് പ്രകാരമുള്ള MGNREGS ഭരണ ചെലവ് 2226667 രൂപയാണ്. എന്നാൽ MGNREGS കാഷ് ബുക്ക് പ്രകാരമുള്ള ചെലവ് 2225267 രൂപയാണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-11 ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- ചെലവ് വാർഷികകണക്ക് സുലേഖ ചെലവ് പത്രിക എന്നിവയുമായി പൊരുത്തപ്പെടുന്നില്ല

1) ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ് ACR പ്രകാരമുള്ള ചെലവും വാർഷിക കണക്കിലെ ചെലവും പൊരുത്തപ്പെടുന്നില്ല. ACR പ്രകാരം ഫിനാൻസ് കമ്മീഷൻ ടൈഡ് ഇനത്തിൽ ചെലവ് 3066921 രൂപ ആണ്. എന്നാൽ വാർഷിക കണക്കിൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഇനത്തിൽ കാപ്പിറ്റൽ ചെലവ് ഇനത്തിൽ 1595893 രൂപയും ഫിനാൻസ് കമ്മീഷൻ ടൈഡ് റവന്യൂ ചെലവ് ഇനത്തിൽ 1485395 രൂപയും ചേർത്ത് ആകെ 3081288 രൂപയാണ് ചെലവ്.

2) ധനകാര്യ കമ്മീഷൻ ഗ്രാന്റ് വാർഷികകണക്ക് പ്രകാരമുള്ള ചെലവ് 4140498 രൂപയും സുലേഖ പ്രകാരമുള്ള ചെലവ് 3767631 രൂപയും പൊരുത്തപ്പെടുന്നില്ല.

### 1-1-12 ബാലൻസ് ഷീറ്റ് - ഇൻവെസ്റ്റ്മെന്റ് പ്രിഫറൻസ് ഷെയറിന്റെ 5010 രൂപയുടെ ഷെയർ സർട്ടിഫിക്കറ്റ് ഇരട്ടിപ്പായി ഉൾപ്പെടുത്തി

ബാലൻസ് ഷീറ്റിലെ ബി-12 ഷെഡ്യൂൾ പ്രകാരം Investment Preference Share ഇനത്തിൽ രേഖപ്പെടുത്തിയ ₹5010 യുടെ ഷെയർ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മലബാർ ടൂറിസം ഡവലപ്പ്മെന്റ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡിന്റെ 5000 രൂപയുടെ ഷെയർ സർട്ടിഫിക്കറ്റ് പ്രിഫറൻസ് ഷെയറായി 4-7-2015 എടുക്കുകയും 25-9-2015 ന് വീണ്ടും 5000 രൂപയുടെ ഷെയർ കൂടി എടുത്ത് ആകെ 10000 യുടെ ഷെയർ സർട്ടിഫിക്കറ്റാണ് എടുത്തിട്ടുള്ളതെന്നും ₹5010 യുടെ ഷെയർ സർട്ടിഫിക്കറ്റിൽ 5000 രൂപ ബി 12 ഷെഡ്യൂളിൽ മുൻവർഷങ്ങളിൽ ഇരട്ടിപ്പായി രേഖപ്പെടുത്തിയതാണെന്നും 10 രൂപ അപേക്ഷ ഫീസാണെന്നുമാണ് വ്യക്തമാക്കിയത്.

### 1-1-13 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ട പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്) (ചട്ടം 62F), മുൻവർഷത്തെ താരതമ്യ തുകകൾ (ചട്ടം 62(3)), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ (ചട്ടം 62 E) എന്നിവ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ തൻവർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുത്തിയ B-1 ഷെഡ്യൂൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-14 വിവിധ ഗ്രാന്റുകളുടെ ചെലവ് ധനകാര്യ പത്രികയിൽ പ്രതിഫലിച്ചിട്ടില്ല

ശുചിത്വമിഷൻ ഗ്രാന്റ്, ഐ.സി.ഡി.എസ്. (കേന്ദ്രവിഹിതം) എന്നിവയുടെ ചെലവ് വാർഷിക ധനകാര്യ പത്രികയിൽ പ്രതിഫലിച്ചിട്ടില്ല.

## 1-2 ബജറ്റ്

മുഴക്കുന്ന് ഗ്രാമ പഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തെ ബജറ്റ് 28-03-2023 തീയതിയിലെ 77/23 നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 15-02-2024 ലെ 57/24(1) നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 2503752 | 9942721 |
| വരവ് | 265257000 | 213060861 |
| ആകെ | 267760752 | 223003582 |

| | | |
|---|---|---|
| ചെലവ് | 264725040 | 212383775 |
| നീക്കിയിരിപ്പ് | 3035712 | 10619807 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 21048899 |
| വരവ് | 60104576 |
| ആകെ | 81153475 |
| ചെലവ് | 45271663 |
| നീക്കിയിരിപ്പ് | 35881812 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | 2208301 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് - ജനറൽ | 0 | 18846000 | 18846000 | 16163190 | 2682810 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 648000 | 648000 | 648000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 3202000 | 3202000 | 3202000 | 0 |
| മെയിന്റനൻസ് ഫണ്ട്-റോഡ് | 0 | 7168650 | 7168650 | 1526442 | 5642208 |
| മെയിന്റനൻസ് ഫണ്ട്-റോഡിതരം | 0 | 3961400 | 3961400 | 3058784 | 902616 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ് | 6964581 (ബാങ്ക്) | 2340500 | 9305081 | 3066921 | 6238160 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – അൺ ടൈഡ് | 364042 (ബാങ്ക്) | 3331193 | 3695235 | 1059210 | 2636025 |
| ഐ സി ഡി എസ് കേന്ദ്രവിഹിതം | 1510930 | 1914642 | 3425572 | 699742 | 2725830 |
| ടോട്ടൽ സാനിറ്റേഷൻ | 596921 | 0 | 596921 | 0 | 596921 |
| ഹെൽത്ത് ഗ്രാന്റ്-ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ | 268265 | 853361 | 1121626 | 45 | 1121581 |
| ഹെൽത്ത്ഗ്രാന്റ്-വെൽനസ്സ് ഗ്രാന്റ് | 136893 | 362881 | 499774 | 139139 | 360635 |
| ഹെൽത്ത്ഗ്രാന്റ്-ബിൽഡിങ്ങ് | 0 | 5610343 | 5610343 | 30 | 5610313 |
| എസ് എസ് എ | 604438 | 17454 | 621892 | 0 | 621892 |
| പൈക്ക | 23624 | 945 | 24569 | 0 | 24569 |
| എംജിഎൻആർഇജിഎസ് | 772192 | 1470735 | 2242927 | 2242927 | 0 |
| കുടിവെള്ള ഗ്രാന്റ് | 84829 | 0 | 84829 | 0 | 84829 |

| | | | | | |
|---|---|---|---|---|---|
| അംഗൻവാടി നെയിം ബോർഡ് | 3000 | 0 | 3000 | 0 | 3000 |
| ആയുഷ് ഫണ്ട് | 500000 | 0 | 500000 | 0 | 500000 |
| ശുചിത്വ മിഷൻ ഫണ്ട് | 439696 | 228000 | 667696 | 228000 | 439696 |
| വെൽഫയർ ഫണ്ട് | 7055 | 0 | 7055 | 0 | 7055 |
| പ്രത്യേകോദ്ദേശ്യ ഗ്രാന്റ് | 127532 | 5861 | 133393 | 119745 | 13648 |
| ലൈഫ് മിഷൻ | 113601 | 7270164 | 7383765 | 5826292 | 1557473 |
| സാക്ഷരത | 8513 | 14157 | 22670 | 480 | 22190 |
| എം സി എഫ് വിഹിതം | 800 | 0 | 800 | 0 | 800 |
| മറ്റ് സ്ഥാപനങ്ങളിൽ നിന്നുള്ള ഗ്രാന്റ് | 127532 | 5861 | 133393 | 119745 | 13648 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 217 | 116311581 | 119 | 44607394 | 35 | 98 | 84 | 38.71 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 5 | 1076673 | 888498 | 82.52 |
| വെറ്റിനറി സർജ്ജൻ | 8 | 7 | 5511368 | 1875039 | 34.02 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 12 | 8 | 4765083 | 2134276 | 44.79 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 1 | 300000 | 300000 | 100 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 3 | 1 | 660000 | 500000 | 75.76 |
| ഫിഷറീസ് സബ് ഇൻസ്പക്ടർ | 1 | 1 | 100000 | 88200 | 88.20 |
| വി.ഇ.ഒ, | 15 | 11 | 43710807 | 16148329 | 36.94 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 9 | 8 | 5923520 | 4946070 | 83.50 |
| സെക്രട്ടറി | 104 | 53 | 34928300 | 11757987 | 33.66 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 34 | 11 | 13107672 | 3470084 | 26.47 |
| ഹെഡ് മാസ്റ്റർ | 13 | 7 | 1647358 | 378627 | 22.98 |

| | | | | | |
|---|---|---|---|---|---|
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 2400000 | 1140107 | 47.50 |
| അസിസ്റ്റന്റ് സെക്രട്ടറി | 11 | 5 | 2180800 | 980177 | 44.95 |
| ആകെ | 217 | 119 | 116311581 | 44607394 | 38.35 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 772192 | 1470735 | 2242927 | 2242927 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 37278468 | 37278468 | 37278468 | 0 |
| ആകെ | 772192 | 38749203 | 39521395 | 39521395 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെപേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളിപെൻഷൻ | 3635200 | 272 |
| വിധവാപെൻഷൻ | 12436000 | 1018 |
| വാർദ്ധക്യകാലപെൻഷൻ | 23063500 | 2034 |
| ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 3944800 | 326 |
| 50 വയസിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 872000 | 70 |

## 1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25-10-2024 തീയതിയിൽ 3.04 PM ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3288 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. വിവിധ സെക്ഷനുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണയിച്ചുകൊണ്ടുള്ള വിശദമായ ജോലി വിഭജനരേഖ തയ്യാറാക്കിയിട്ടുണ്ട്. ഓഫീസ് ഉത്തരവുകളിലൂടെ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകൾ ചേർന്ന് ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തുകയും അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകളിൽ നികുതികൾ പിരിച്ചെടുക്കുന്നതിലെ പുരോഗതിയും, ഐ.എൽ.ജി.എം.എസ് വഴി ഫയൽ കൈകാര്യം ചെയ്യുന്നതിലെ പുരോഗതിയും, ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനവും, വിലയിരുത്തുകയും പൊതുജനങ്ങൾക്ക് കാലതാമസമില്ലാതെ സേവനങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്.

## 1-10 ഗ്രാമസഭ

ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിലും 2023 മെയ് മാസം നടന്ന ശുചിത്വ ഗ്രാമസഭയും 2024 മാർച്ച് മാസം നടന്ന ഡിജിറ്റൽ സാക്ഷരത പ്രത്യേക ഗ്രാമസഭയും ഉൾപ്പെടെ 2023-24 വർഷം 4 തവണ വീതമാണ് ഗ്രാമസഭ യോഗങ്ങൾ

ചേർന്നിട്ടുള്ളത്. 2023-24 വാർഷിക പദ്ധതി ഗുണഭോക്താക്കളെ അംഗീകരിക്കൽ, വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ ഗുണഭോക്താക്കളെ അംഗീകരിക്കൽ, എം.ജി.എൻ.ആർ.ഇ.ജി.എസ് ആക്ഷൻ പ്ലാൻ, ലേബർ ബജറ്റ് എന്നിവ അംഗീകരിക്കൽ, 2023-24 വാർഷിക പദ്ധതി അധിക ഗുണഭോക്തൃ പട്ടിക അംഗീകരിക്കൽ, 2024-25 വാർഷിക പദ്ധതി രൂപീകരണം തുടങ്ങിയവ അജണ്ടയിൽ ഉൾപ്പെടുത്തുകയും, മിനുട്സിൽ നിർദ്ദേശങ്ങളും തീരുമാനങ്ങളും രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## 1-11 വസ്തു നികുതി പരിഷ്കരണ നടപടികൾ പൂർത്തിയാക്കേണ്ടതാണ്.

22.03.2023 ലെ സ.ഉ(കൈ)നം.77/2023/തസ്വഭവ പ്രകാരം 01-04-2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്‌വെയറിൽ ചേർക്കേണ്ടതും, ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ നികുതി പുനർനിർണ്ണയിക്കേണ്ടതുമുണ്ട്. ഇതിനാവശ്യമായ പരിശോധനകൾ എത്രയും വേഗം പൂർത്തീകരിക്കാൻ പ്രസ്തുത ഉത്തരവിൽ നിർദ്ദേശിക്കുന്നുണ്ട്. മുഴക്കുന്ന് ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരിക്കുന്നതിന് വേണ്ടി ഗ്രാമപഞ്ചായത്ത് തലത്തിൽ ഇതുവരെ സ്വീകരിച്ച നടപടിക്രമങ്ങളുടെ വിവരവും പുരോഗതി വിവരവും അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നം.5/24.10.2024) 11 വാർഡുകളുടെ ഫീൽഡ് പരിശോധന പൂർത്തിയായിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. മുഴുവൻ കെട്ടിടങ്ങളുടെയും പരിശോധന പൂർത്തിയാക്കി സഞ്ചയ സോഫ്റ്റ് വെയറിൽ നികുതി പുനർനിർണയം നടത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതും, വസ്തു നികുതി പരിഷ്കരണം പൂർത്തിയാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതുമാണ്.

## 1-12 വസ്തുനികുതിയിനത്തിലെ കുടിശ്ശിക ഈടാക്കേണ്ടതാണ്.

മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ബി-15 ഷെഡ്യൂൾ പ്രകാരം വസ്തു നികുതി ഇനത്തിൽ താഴെപ്പറയുന്ന തുക പിരിച്ചെടുക്കാൻ ബാക്കിയുണ്ട്.

| ക്രമ നമ്പർ | വസ്തുനികുതി | തൻവർഷം (BT+LC) | കുടിശ്ശിക (BT+LC) |
|---|---|---|---|
| 1 | റസിഡൻഷ്യൽ ബിൽഡിംഗ്സ് | ₹ 13,492 | - |
| 2 | നോൺ റസിഡൻഷ്യൽ ബിൽഡിംഗ്സ് | ₹ 57,153 | ₹ 89,308 |

നിലവിൽ ഈടാക്കാൻ അവശേഷിക്കുന്ന കുടിശ്ശിക, കുടിശ്ശിക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം എന്നിവ ലഭ്യമാക്കുന്നതിനായി നൽകിയ 7/24.10.2024 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി റവന്യൂ റിക്കവറി, പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചതായും, റവന്യൂ റിക്കവറി പ്രകാരം നടപടികൾ സ്വീകരിച്ചവയുടെ നികുതി ഒടുക്കി വരുന്നതായും അറിയിച്ചിട്ടുണ്ട്. വസ്തുനികുതി കുടിശ്ശിക മുഴുവനായും ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-13 പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന് നികുതി നിർണ്ണയിച്ചതിലെ അപാകം

സ.ഉ(അച്ചടി)നം.25/2023/തസ്വഭവ തീയതി 05.04.23 (എസ് ആർ ഒ നമ്പർ 479/2023) വിജ്ഞാപന പ്രകാരം വ്യത്യസ്ത കെട്ടിട വിഭാഗങ്ങളുടെ വിവരവും അവയ്ക്ക് ഈടാക്കാവുന്ന കുറഞ്ഞതും കൂടിയതുമായ വസ്തു നികുതി നിരക്കും താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരം | ഏറ്റവും കുറഞ്ഞ നിരക്ക് (രൂപ) | ഏറ്റവും കൂടിയ നിരക്ക് (രൂപ) |
|---|---|---|---|
| 1 | സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ(ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)-300 ച.മീ വരെയുള്ളവ | 6 | 10 |

| | | | |
|---|---|---|---|
| 2 | സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ(ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)-300 ച.മീറ്ററിന് മുകളിലുള്ളവ | 8 | 12 |

മേൽ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന്റ 29.07.2023 തീയതിയിലെ SC3-4849/23 നമ്പർ വിജ്ഞാപന പ്രകാരം (ഭരണസമിതിയുടെ 24.07.2023 തീയതിയിലെ 209/23(1) നമ്പർ തീരുമാനം) മേൽ പട്ടികയിൽ പരാമർശിച്ച ക്രമ നമ്പർ 1,2 എന്നീ കെട്ടിടവിഭാഗങ്ങളുടെ നികുതി നിരക്ക് യഥാക്രമം 7,11 എന്നിങ്ങനെയാണ്. എന്നാൽ 2023-24 കാലയളവിൽ വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ള താഴെ പറയുന്ന കെട്ടിടത്തെ തെറ്റായ വിഭാഗത്തിൽപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്.

| കെട്ടിട നമ്പർ | കെട്ടിട ഉടമസ്ഥന്റെ പേര് | കെട്ടിട വിസ്തീർണം ച.മീ | ഉപയോഗ ക്രമം | സഞ്ചയയിൽ ഉൾപ്പെടുത്തിയ കെട്ടിടത്തിന്റെ ഉപവിഭാഗം / നികുതി നിരക്ക് | സഞ്ചയയിൽ ഉൾപ്പെടുത്തേണ്ട കെട്ടിടത്തിന്റെ ഉപവിഭാഗം / നികുതി നിരക്ക് |
|---|---|---|---|---|---|
| 5/276 B | ചമ്പളോൻ വിജീഷ് | 372.27 | പാർപ്പിടാവശ്യം | മേൽപട്ടികയിലെ ക്രമ നമ്പർ 1 (1 ച.മീ ന് 7 രൂപ നിരക്കിൽ) | മേൽപട്ടികയിലെ ക്രമ നമ്പർ 2 (1 ച.മീ ന് 11 രൂപ നിരക്കിൽ ) |

കെട്ടിടത്തിന്റെ വിഭാഗം സഞ്ചയയിൽ വ്യത്യസ്തമായി നൽകിയത് സംബന്ധിച്ച് 20/28.10.2024 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി, വസ്തുനികുതി നിരക്ക് പുതുക്കി സഞ്ചയ സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റ് ചെയ്തിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

മേൽ പരാമർശിച്ച കെട്ടിടം കൂടാതെ 01-04-2023 തീയതി മുതൽ നികുതി നിർണ്ണയിച്ചിട്ടുള്ള മുഴുവൻ കെട്ടിടങ്ങളുടേയും അസ്സസ്സ്മെന്റ് സഞ്ചയയിൽ പരിശോധിക്കേണ്ടതും കെട്ടിടങ്ങളുടെ ഉപയോഗക്രമം/ഉൾപ്പെടുത്തിയ ഉപവിഭാഗം ഇത്തരത്തിൽ തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയം നടത്തിയിട്ടുള്ളത് പരിശോധിച്ച് വസ്തുനികുതി ക്രമപ്പെടുത്തേണ്ടതും വസ്തുനികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-14 തൊഴിൽനികുതി ഈടാക്കുന്നതിലെ അപാകങ്ങൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഓരോ കമ്പനിയുടെയും പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ പഞ്ചായത്ത് പ്രദേശത്ത് താമസിച്ച് കൊണ്ട് അതിനു വെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. തൊഴിൽനികുതി സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലും ചുമത്തുന്നതിലും കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

A.എഫ്.ടി ഇ & ഒ എസ് ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ (ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയത് പ്രകാരം) നിന്നും 2023-24 സാമ്പത്തിക വർഷം തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| കെട്ടിട നമ്പർ | സ്ഥാപന ഉടമ / സ്ഥാപനത്തിന്റെ പേര് | ജോലിക്കാരുടെ എണ്ണം (അപേക്ഷയിൽ രേഖപ്പെടുത്തിയത് ) |
|---|---|---|
| 4/433 | എൻ.വി അബൂബക്കർ / എൻ.വി ട്രേഡേഴ്സ് | 6 |
| 8/414 K | അരുൺകുമാർ.എ / റസ്റ്റോറന്റ് | 4 |
| 4/477 | പി.എം മായൻ / മലബാർ ട്രേഡേഴ്സ് | 3 |
| 6/390 A | ദീപൻ.വി / കല്ലേരിമല പെട്രോൾ പമ്പ് | 6 |
| 15/284 | എം ഹംസ ഹാജി / ഗോഡൗൺ | 6 |

| | | |
|---|---|---|
| 12/444 | സെക്രട്ടറി / തളിപ്പൊയിൽ ക്ഷീരോൽപ്പാദക സഹകരണ സംഘം | 3 |
| 8/110 B-F | അശ്വിൻ.എസ് / ആസ്പേര ഹെൽത്ത്കെയർ | 5 |

ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ/തൊഴിൽ നികുതി ഈടാക്കുന്നതിനായി സ്ഥാപന ഉടമകൾക്ക് ഡിമാന്റ് നോട്ടീസ് നല്കിയതുമായി ബന്ധപ്പെട്ട വിവരങ്ങളും സ്ഥാപന ഉടമകൾ സമർപ്പിച്ച റിട്ടേണുകളും പരിശോധനക്കായി ഹാജരാക്കുന്നതിനായി 15/26.10.2024 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി, തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങൾ കൂടാതെ ഗ്രാമപഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളിലെയും തൊഴിൽനികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതും തൊഴിൽനികുതി ഈടാക്കിയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതുമാണ്.

B. 2023-24 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. 15/26.10.2024 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി, തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തൊഴിൽനികുതി ഈടാക്കേണ്ടതും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-15 ഇ-ടെണ്ടർ ഫീസ് - ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമായിട്ടില്ല

മുഴക്കുന്ന് ഗ്രാമ പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ 1-17ഖണ്ഡികയിൽ കണ്ണൂർ ജില്ലാ പഞ്ചായത്തിൽ നിന്നും ഇ-ടെണ്ടർ ഫീസ് ഇനത്തിൽ ₹121477 ഗ്രാമ പഞ്ചായത്തിന് ലഭിക്കാൻ ബാക്കിയുണ്ടെന്ന് പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഈ തുക തിരികെ ലഭ്യമായതിന്റെ രേഖകളൊന്നും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ 8/25-10-2024 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി നല്കിയ മറുപടിയിൽ തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് പരാമർശിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ അക്കൗണ്ടിൽ നിന്നും ഇ-ടെണ്ടർ ഫീസ് ഇനത്തിലുള്ള ₹121477 തിരികെ ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതും തുക തിരികെ ലഭ്യമാവുന്ന മുറക്ക് വിവരം അറിയിക്കേണ്ടതുമാണ്.

## 1-16 ഐ.കെ.എം. ന് തുക നൽകൽ- വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹70000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2023-24 വർഷത്തിൽ മുഴക്കുന്ന ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ ചേർത്ത പ്രോജക്ടുമായി ബന്ധപ്പെട്ട് ഇൻഫർമേഷൻ കേരള മിഷന് 70000 രൂപ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 13/24, ഐ.കെ.എം. ന് തുക നൽകൽ |
| അടങ്കൽ | ₹90000(വികസന ഫണ്ട്, പൊതു വിഭാഗം) |
| ചെലവ് | ₹70000, ബിൽ നമ്പർ- 74/29-09-2023 |

മേൽ സൂചിപ്പിച്ച ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 11/26-10-2024) വിനിയോഗ സാക്ഷ്യ പത്രം ലഭ്യമായിട്ടില്ലെന്നും, ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതാണ് എന്നുമാണ് മറുപടി നൽകിയത്. വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹70000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-17 കണ്ണൂർ വിവര സഞ്ചയിക - പദ്ധതി ലക്ഷ്യം കൈവരിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല - ₹499892 യുടെ ചെലവ് തടസപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | സെക്രട്ടറി, ഗ്രാമ പഞ്ചായത്ത് |
| പ്രോജക്ട് നമ്പർ , പേര് | 204/24, കണ്ണൂർ വിവര സഞ്ചയിക |
| അടങ്കൽ | ₹600,000 തനത് ഫണ്ട് |

| | |
|---|---|
| ചെലവ് | ₹43377 ബിൽ നമ്പർ 351/ 27-03-2024,<br>₹430790 ബിൽ നമ്പർ 250/ 21-03-2024 ,<br>₹15180 ബിൽ നമ്പർ 357/ 28-03-2024,<br>₹10545 ബിൽ നമ്പർ 358/ 28-03-2024<br>ആകെ: ₹499892 |

ആസൂത്രണ പ്രക്രിയക്ക് ആവശ്യമായ സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുകയും ക്രോഡീകരിച്ച് നൽകുകയും ചെയ്യുക, ആയത് പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന രീതിയിൽ വെബ് അധിഷ്ഠിതമായി ക്രമീകരിക്കുക എന്നിവയാണ് പ്രൊജക്ടിന്റെ ലക്ഷ്യം. പ്രൊജക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി വാർഡ് തലത്തിൽ എന്യൂമറേറ്റർ വഴി കൃത്യമായ വിവരശേഖരണം നടത്തുന്നതിന് ഹോണറേറിയമായി അനുവദിച്ച ₹430790 യും മറ്റ് അനുബന്ധചെലവായ ₹69102യും ഉൾപ്പടെ ആകെ ₹499892 ചെലവഴിച്ചിട്ടുണ്ട്. പ്രൊജക്ടുമായി ബന്ധപ്പെട്ട താഴെ പറയുന്ന വിവരങ്ങൾ/രേഖകൾ ലഭ്യമല്ല

1. തയ്യാറാക്കിയ ഡാറ്റകൾ ക്രോഡീകരിച്ച് തയ്യാറാക്കിയ പഞ്ചായത്ത് തല റിപ്പോർട്ട്

2. മോണിറ്ററിംഗ് കമ്മിറ്റി, പ്രൊജക്ടുകളിൽ വിഭാവനം ചെയ്യപ്പെട്ട നിർവ്വഹണ ഘട്ടത്തിൽ അതായത് പ്രാരംഭഘട്ടത്തിലും പുരോഗമന ഘട്ടത്തിലും പൂർത്തീകരണ ഘട്ടത്തിലും മോണിറ്റർ ചെയ്തതിന്റെ രേഖകൾ (സ ഉ (കൈ)115/2022/ തസ്വഭവ/28-05-22 ഖ.14(3) പ്രകാരം )

3. സ ഉ (കൈ)115/2022/തസ്വഭവ/28-05-22 ഖ. 12.4 (1), (2) എന്നിവ പ്രകാരം തയ്യാറാക്കിയ പ്രൊജക്ടുകളുടെ പൂർത്തീകരണ സാക്ഷ്യപത്രം

4. പ്രൊജക്ട് പ്രകാരം നടത്തിയ വിവരശേഖരണം തദ്ദേശ സ്വയം ഭരണസ്ഥാപനത്തിന്റെ ഏതെല്ലാം മേഖലകളിൽ പ്രയോജനപ്പെടുത്തുന്നുണ്ട് എന്ന വിവരം

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 39/30-10-2024) ഓഡിറ്റ് സമയത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെയും വിനിയോഗ സാക്ഷ്യപത്രത്തിന്റെയും അഭാവത്തിൽ ₹499892 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-18 എ. ബി. സി. പദ്ധതി- വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

എ. ബി. സി. പ്രോജക്ടിനായി ഗ്രാമപഞ്ചായത്ത് തൻവർഷം താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പരും പേരും | 18/24, എ ബി സി പദ്ധതി. |
| അടങ്കൽ | ₹100000 വികസനഫണ്ട് (ജനറൽ) |
| ചെലവ് | ₹100000, ബിൽ നമ്പർ-166/ 22-01-2024 |

തദ്ദേശ സ്വയംഭരണ (ആർ സി) വകുപ്പിന്റെ 23-08-2022 തീയതിയിലെ സ.ഉ(സാധാ)നം.2065/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടേയും നഗരഭരണ സ്ഥാപനങ്ങളുടേയും സംയുക്ത പ്രൊജക്ടായാണ് എ.ബി.സി പ്രോജക്ട് നടപ്പിലാക്കേണ്ടതെന്നും മുഖ്യനിർവ്വഹണ സ്ഥാപനം ജില്ലാ പഞ്ചായത്തായിരിക്കുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം ₹100000 കണ്ണൂർ ജില്ല പഞ്ചായത്തിന് നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 12/26-10-2024) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19 ജൽജീവൻ മിഷൻ പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തേണ്ടതാണ്

പഞ്ചായത്തിൽ നടപ്പിലാക്കിയ താഴെ പറയുന്ന വിവിധ കുടിവെള്ള പദ്ധതികളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | തൻ വർഷത്തെ ചെലവ് |
|---|---|---|---|
| 1 | 111/24 | പിടാങ്ങോട് കുടിവെള്ള പദ്ധതി വിപുലീകരണം | 0 |
| 2 | 112/24 | നല്ലൂർ അംഗനവാടി കുടിവെള്ള പദ്ധതി | 83713 |

| | | | |
|---|---|---|---|
| | | വിപുലീകരണം | |
| 3 | 142/24 | അയ്യപ്പൻ കാവ് കുടിവെള്ള പദ്ധതിക്ക് കുഴൽ കിണർ നിർമ്മാണം | 0 |
| 4 | 150/24 | പുലിമുണ്ട കോളനി കുടിവെള്ള പദ്ധതി | 33769 |
| 5 | 159/24 | പാല ലക്ഷം വീട് കുടിവെള്ള പദ്ധതി വിപുലീകരണം | 0 |
| 6 | 160/24 | അങ്ങാടിച്ചാൽ കുടിവെള്ള പദ്ധതി | 0 |
| 7 | 162/24 | പാറപ്പള്ളി കോളനി കുടിവെള്ള പദ്ധതി | 0 |
| 8 | 208/24 | കുടിവെള്ള പദ്ധതികൾക്ക് വൈദ്യുതി കണക്ഷൻ എടുക്കൽ | 0 |
| 9 | 213/24 | എടപ്പടിക്കുന്ന് കുടിവെള്ള പദ്ധതി | 0 |
| 10 | 249/24 | മുടക്കോഴി കുടിവെള്ള പദ്ധതിക്ക് കുഴൽ കിണർ നിർമ്മാണം | 0 |
| 11 | 250/24 | കല്ലേരിമല കുടിവെള്ള പദ്ധതിക്ക് കുഴൽ കിണർ നിർമ്മാണം | 0 |
| 12 | 167/24 | കടുക്കാപ്പാലം അംഗൻവാടി കുടിവെള്ള പദ്ധതി പൂർത്തീകരണം | 319000 |

1) ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ച സർക്കാരിന്റെ 19-04-2022 തീയതിയിലെ സ.ഉ (കൈ) നം.84/2022/ തസ്വഭവ ഉത്തരവിലെ ഖണ്ഡിക നമ്പർ 8-1 (ബി ) (25) പ്രകാരം കുടിവെള്ള പ്രോജക്റ്റുകളുടെ തുടർ നടത്തിപ്പും സംരക്ഷണവും ഗുണഭോക്തൃ സമിതികളുടെ ചുമതലയാണെന്ന് പ്രോജക്റ്റിൽ വ്യവസ്ഥ ചെയ്യണമെന്ന നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മേൽ നിബന്ധനകൾ പാലിച്ചിട്ടില്ല. (ഉദാ: കടുക്കാപ്പാലം അംഗൻവാടി കുടിവെള്ള പദ്ധതി പൂർത്തീകരണം)

2) ടി. ഉത്തരവിലെ ഖണ്ഡിക നമ്പർ 8-1 (ബി) (23) ഖണ്ഡികയിൽ ഗ്രാമീണ മേഖലയിൽ എല്ലാ കുടുംബങ്ങൾക്കും ഗുണനിലവാരമുള്ള കുടിവെള്ളം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചിട്ടുള്ള "ജൽജീവൻ" മിഷൻ പരിപാടി വ്യാപിപ്പിക്കുന്നതിനും വിഹിതം നൽകുന്നതിനുമുള്ള പ്രോജക്റ്റുകൾ ഗ്രാമപഞ്ചായത്തുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ് എന്നും ഗ്രാമപഞ്ചായത്തുകളുടെ 15% വിഹിതം കണ്ടെത്തുന്നതിന് പൊതുവിഭാഗം സാധാരണ വിഹിതം, തനത് ഫണ്ട് എന്നിവ ഉപയോഗിക്കാവുന്നതാണ് എന്നും ഗ്രാമപഞ്ചായത്തുകൾക്ക് മതിയായ വിഹിതം കണ്ടെത്താൻ കഴിയുന്നില്ലെങ്കിൽ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾക്ക് വിഹിതം നൽകാവുന്നതാണ് എന്നും പട്ടികജാതി ഉപപദ്ധതി വിഹിതവും പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതവും ആ ഫണ്ടുകൾ വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി ഇതിനായി വിനിയോഗിക്കാവുന്നതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്ത് തൻ വർഷം 12 കുടിവെള്ള പദ്ധതികൾ ആവിഷ്കരിച്ച് 03 എണ്ണം നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ ഇവയൊന്നും മാർഗ്ഗരേഖയിൽ അനുശാസിക്കും പ്രകാരമല്ല. ഗ്രാമീണ മേഖലയിൽ എല്ലാ കുടുംബങ്ങൾക്കും ഗുണനിലവാരമുള്ള കുടിവെള്ളം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചിട്ടുള്ള "ജൽജീവൻ മിഷൻ പരിപാടി വ്യാപിപ്പിക്കുന്നതിനും വിഹിതം നൽകുന്നതിനുമുള്ള പ്രോജക്റ്റുകൾ ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഇത് സംബന്ധിച്ച് 26-10-2024 ന് നൽകിയ 14 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ ജൽജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നതിനുള്ള കാലതാമസം കാരണമാണ് അടിയന്തിര സ്വഭാവമുള്ള കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയതെന്നും, വരും വർഷങ്ങളിൽ ജൽജീവൻ മിഷൻ പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുമെന്നും അറിയിച്ചു. ജൽജീവൻ മിഷൻ പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തേണ്ടതും പുരോഗതി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-20 സ്ട്രീറ്റ് മെയിൻ ലൈൻ സ്ഥാപിക്കൽ - പദ്ധതിയുടെ പുരോഗതി വിവരം ലഭ്യമല്ല - ₹486713 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നമ്പർ,പേര് | 23/24, സ്ട്രീറ്റ് മെയിൻ ലൈൻ സ്ഥാപിക്കൽ |
| അടങ്കൽ : | ₹513283 (വികസന ഫണ്ട്, പൊതു വിഭാഗം)<br>₹486717 (തനത് ഫണ്ട് ) |

| | |
|---|---|
| | ആകെ: ₹1000000 |
| ചെലവ് | ₹486713, (തനത് ഫണ്ട്) ബിൽ നമ്പർ: 271/ 23-03-2024 |

മേൽ പ്രോജക്ട് പ്രകാരം KSEB കാക്കയങ്ങാട് ഇലക്ട്രിക്കൽ സെക്ഷൻ അസി എഞ്ചിനീയറുടെ 999996രൂപയുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ₹486713 KSEB ക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. വികസന ഫണ്ട് വിഹിതമായി വകയിരുത്തിയ ₹513283 രൂപ തൻ വർഷം KSEB ക്ക് കൈമാറിയിട്ടില്ല. ആയതിനാൽ പദ്ധതി ഓഡിറ്റ് വർഷം നടപ്പിലായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 14/26-10-2024) വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതാണ് എന്ന് മറുപടിയാണ് നൽകിയത്. പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം എന്നിവയുടെ അഭാവത്തിൽ ₹486713 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 എസ്.എസ്.കെ. വിഹിതം നൽകൽ പദ്ധതി - അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ, പേര് | 15/24, എസ്.എസ്.കെ. വിഹിതം നൽകൽ |
| അടങ്കൽ | ₹500000 (വികസന ഫണ്ട്, ജനറൽ) |
| ചെലവ് | ₹500000 ബിൽ നമ്പർ 137/ 19-12-2023 |

സമഗ്ര ശിക്ഷാ പദ്ധതിയുടെ സംസ്ഥാന സർക്കാർ വിഹിതമായ 40% തുകയിൽ എലിമെന്ററി വിദ്യാഭ്യാസ മേഖലയിലെ പ്രവർത്തനങ്ങൾക്കായുള്ള തുക തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്നതിന്റെ ഭാഗമായി എസ്.എസ്.കെ കണ്ണൂർ ജില്ലാ പ്രോജക്ട് കോ ഓർഡിനേറ്ററുടെ 27-07-2022 ലെ കത്തിലെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ ₹500000 കണ്ണൂർ ജില്ലാ എസ്.എസ്.കെ പ്രോജക്ട് ഡയറക്ടറുടെ കാനറാ ബാങ്ക് അക്കൗണ്ടിലേക്ക് (CNRB0001139/1139101071275) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്.

പദ്ധതിയുടെ നടത്തിപ്പിൽ ഓഡിറ്റ് കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. എസ്.എസ്.കെ. പദ്ധതികൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണസ്ഥാപനം മുഖ്യ പങ്ക് വഹിക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. 2023-24 വർഷത്തേക്ക് എസ്.എസ്.എ ആവിഷ്കരിച്ച പദ്ധതികളിൽ ഗ്രാമപഞ്ചായത്തിന്റെ നിർദ്ദേശങ്ങൾ പരിഗണിച്ചതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. എസ്.എസ്.കെ കണ്ണൂർ ജില്ലാ പ്രോജക്ട് കോ ഓർഡിനേറ്ററുടെ 27-06-2023 ലെ കത്തിലെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ ആകെ ആവശ്യപ്പെട്ട ₹ 9102881 യിൽ 500000 രൂപ മേൽപ്പറഞ്ഞ പദ്ധതി പ്രകാരം എസ് എസ് കെ കണ്ണൂർ ജില്ലാ പ്രോജക്ട് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. ഇതിൽ ₹ 8361245 31-03-2023 വരെയുള്ള വർഷത്തെ കുടിശിക ഡിമാൻഡ് തുകയാണ് എന്നാണ് ടി കത്തിൽ പരാമർശിച്ചിട്ടുള്ളത് . എന്നാൽ ഇത് സംബന്ധിച്ച വ്യക്തമായ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ ലഭ്യമല്ല. കുടിശിക ഡിമാൻഡായി രേഖപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് വർഷാവർഷം SSK പദ്ധതിക്ക് തുക കൈമാറുന്നുണ്ടെങ്കിലും ഇതുവരെ ആകെ കൈമാറിയ തുകയുടെ വർഷം തിരിച്ചുള്ള വാർഷിക സംക്ഷിപ്തം ലഭ്യമല്ല. എസ് എസ് കെ വർഷാവർഷം ഡിമാൻഡ് ചെയ്യുന്ന തുക മുഴുവനായും പഞ്ചായത്ത് പലപ്പോഴും നൽകാറില്ല. ആയതു കൊണ്ട് തന്നെ വർഷം തിരിച്ച് ഒടുക്കുവാൻ ബാക്കി നിൽക്കുന്ന തുക എത്രയാണെന്ന് കൃത്യമായി രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എസ് എസ് കെ ഇപ്പോൾ വരെ കുടിശിക ആയി പരാമർശിച്ച തുകയുടെ ആധികാരികത ഉറപ്പു വരുത്തുവാൻ ആവശ്യമായ കണക്കുകളും, കാലികമായി വിവരങ്ങൾ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയ രജിസ്റ്റർ എന്നിവ പരിശോധനക്ക് ലഭ്യമായിട്ടില്ല.. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 10/26-10-2024) ന് വിവരം ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. മറ്റ് വർഷങ്ങളിലെ കുടിശ്ശിക സംബന്ധിച്ച കണക്ക് കൃത്യമാക്കിയ ശേഷം മാത്രമാണ് എസ്.എസ്.കെ. പദ്ധതിക്ക് വിഹിതം അനുവദിക്കേണ്ടത്.

## 1-22 വനിത ഫിറ്റ്നസ് സെന്റർ -പദ്ധതി ലക്ഷ്യം കൈവരിച്ച വിവരം ലഭ്യമല്ല -₹399882 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ / പേര് | 36/24 വനിത ഫിറ്റ്നസ് സെന്റർ |
| അടങ്കൽ | ₹ 400000 വികസന ഫണ്ട് |
| ചെലവ് | ₹399882 ബിൽ നമ്പർ 302/25-03-2024 |

ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് സ്ത്രീകളുടെ ഫിറ്റ്നസ് സെന്റർ സജ്ജീകരിക്കുന്നതിന് വേണ്ടിയാണ് മേൽ പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. ആയത് പ്രകാരം ടെണ്ടർ വിളിച്ച് ലഭ്യമായ ടെണ്ടറുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഹീറോ ഫിറ്റ്നസ്സ് എക്വിപ് മെന്റ്സ് എന്ന കമ്പനിയുടെ ടെണ്ടർ അംഗീകരിച്ച് ഉപകരണങ്ങൾ വാങ്ങിയതിന് 15-03-2024 ലെ ഇൻവോയ്സ് നമ്പർ 790 പ്രകാരമുള്ള 383023 രൂപയും 15-03-2024 ലെ ഇൻവോയ്സ് നമ്പർ 791 പ്രകാരമുള്ള 16859 രൂപയും ചേർത്ത് ആകെ ₹399882 ഹീറോ ഫിറ്റ്നസ്സ് എക്വിപ് മെന്റ്സ് എന്ന കമ്പനിയുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. പ്രോജക്ട് നിർവഹണത്തിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ട്.

1) ടെണ്ടർ അംഗീകരിച്ചതിന്റെ ഭരണസമിതി തീരുമാനം, പർച്ചേസിംഗ് കമ്മിറ്റി തീരുമാനം, സപ്ലൈ ഓർഡർ നൽകിയതിന്റെ രേഖകൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2) മേൽ ഇൻവോയ്സുകൾ പ്രകാരം ലഭ്യമായ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും ഇൻസ്റ്റാൾ ചെയ്തതിന്റെയും വിവരം ലഭ്യമല്ല.

3) ഉപകരണങ്ങൾ എവിടെയാണ് സൂക്ഷിച്ചതെന്നും ഗ്രാമ പഞ്ചായത്തിൽ ഫിറ്റനസ്സ് സെന്റർ സജ്ജികരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, പദ്ധതി മോണിറ്ററിങ്ങ് റിപ്പോർട്ട്എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 27/29-10-2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെയും രേഖകളുടെയും അഭാവത്തിൽ ₹399882 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

## 1-23 അങ്കണവാടികളിൽ അനുപൂരക പോഷകാഹാരം -അപാകങ്ങൾ ₹20950 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ / പേര് | 28/24 അങ്കണവാടികളിൽ അനുപൂരക പോഷകാഹാരം |
| അടങ്കൽ | ₹1543700 വികസന ഫണ്ട് – ജനറൽ<br>₹890600 ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>₹700000 കേന്ദ്രാവിഷ്കൃതം<br>ആകെ: 3134300 |
| ചെലവ് | ₹1543700 വികസന ഫണ്ട് – ജനറൽ<br>₹626037 ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>₹699742 കേന്ദ്രാവിഷ്കൃതം<br>ആകെ: ₹2869479 |

1)അങ്കണവാടികളിൽ അനുപൂരക പോഷകാഹാരം എന്ന പദ്ധതിയിൽ കാണിച്ച സൗഭാഗ്യ ന്യൂട്രിമിക്സിന്റെ ഇൻവോയ്സ് നമ്പർ 41/14-2-2024 പ്രകാരം 1390.500 കിഗ്രാം ന്യൂട്രിമിക്സിന് 102202 രൂപയും ഇൻവോയ്സ് നമ്പർ 65/7-3-2024 പ്രകാരം 1164.375 കിഗ്രാം ന്യൂട്രിമിക്സിന് 85582 രൂപയും ഉൾപ്പെടെ നൽകാവുന്ന തുക 187784 രൂപയാണ് എന്നാൽ ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ ചെലവിൽ ഉൾപ്പെടുന്ന ബിൽ നമ്പർ 241/18-3-2024 പ്രകാരം സൗഭാഗ്യ ന്യൂട്രിമിക്സിന് 202419 രൂപയാണ് അനുവദിച്ചിട്ടുള്ളത്. 14635 രൂപ അധികം നൽകിയതിന്റെ കാരണം വ്യക്തമല്ല.

2) കേന്ദ്രാവിഷ്കൃത ഫണ്ടിന്റെ ചെലവിൽ ഉൾപ്പെടുന്ന ബിൽ നമ്പർ 171/22-1-2024 പ്രകാരം ശ്രീ ടി. വി. ഷാജി എന്നവർക്ക് ട്രാൻസ്പോർട്ടേഷൻ ചാർജിനത്തിൽ 95441 രൂപ നൽകിയിട്ടുണ്ട്. സമർപ്പിച്ച വൗച്ചറുകൾ പ്രകാരം 91201 രൂപയുടെ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് മാത്രമേ നൽകേണ്ടതുള്ളൂ. ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിന് 4240 രൂപ അധികം നൽകിയതിന് മറുപടി നൽകിയിട്ടില്ല. മേൽ ബിൽ പ്രകാരം തെറാപ്യൂട്ടിക് ഫുഡിന്റെ ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ 2075 രൂപ നൽകിയിട്ടുണ്ട്. ആയതിന്റെ ഭാരം വ്യക്തമാക്കുന്ന തെറാപ്യൂട്ടിക്ക് ഫുഡ് വാങ്ങിയതിന്റെ ബിൽ ലഭ്യമല്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 32/29-10-2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 20950 രൂപയുടെ (14635+4240+2075) ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-24 വയോജനങ്ങൾക്ക് വിനോദയാത്ര- രേഖകൾ ലഭ്യമല്ല- ₹ 96500യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ / പേര് | 257/24 വയോജനങ്ങൾക്ക് വിനോദയാത്ര |
| അടങ്കൽ | ₹97000 തനത് ഫണ്ട് |
| ചെലവ് | ₹ 96500 ബിൽ നമ്പർ : 242/19-3-2024 |

വയോജനങ്ങൾക്ക് വിനോദയാത്ര എന്ന പദ്ധതിയിൽ വയോജനങ്ങൾക്ക് മാനസിക ഉല്ലാസം നല്കുന്നതിനായി കണ്ണൂർ

ജില്ലയിലെ പറശ്ശിനിക്കടവ്, വയലപ്ര, മാട്ടൂൽ പെറ്റ് സ്റ്റേഷൻ, ചൂട്ടാട് ബീച്ച്, എന്നി സ്ഥലങ്ങളിൽ പോകുന്നതിന് വാഹന വാടക, ഭക്ഷണം, മറ്റ് കാഴ്ചകൾ റൈഡിംഗ് ചെലവ്, ബോട്ടിംഗ് ചെലവ് ഉൾപ്പെടെ താൽപര്യമുള്ളവരിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചതിൽ ലഭ്യമായ മൂന്ന് ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത് ₹96500 ക്വാട്ട് ചെയ്ത ഇസ്മയിൽ പി, തയ്യിൽ ഹൗസ് എന്നവരുടെ ക്വട്ടേഷൻ അംഗീകരിച്ചു. പ്രോജക്ട് നിർവഹണത്തിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ട്.

1)ക്വട്ടേഷൻ അംഗീകരിച്ച തീരുമാനം ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2) വിനോദയാത്രയിൽ പങ്കെടുത്ത വയോജനങ്ങളുടെ വിവരം ഫയലിൽ ലഭ്യമല്ല. എത്രവയോജനങ്ങൾ പങ്കെടുത്തു, എന്നത് സംബന്ധിച്ച വിവരം ലഭ്യമല്ല.

3) മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (32/29-10-2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടേയും രേഖകളുടേയും അഭാവത്തിൽ ₹ 96500 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-25 കോക്ലിയർ ഇംപ്ലാന്റേഷൻ- മെയിന്റനൻസിനുള്ള വിഹിതം നൽകൽ-വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല ₹300000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ / പേര് | 30/24 കോക്ലിയർ ഇംപ്ലാന്റേഷൻ- മെയിന്റനൻസിനുള്ള വിഹിതം നൽകൽ |
| അടങ്കൽ | ₹300000 വികസന ഫണ്ട് – ജനറൽ |
| ചെലവ് | ₹ 250000 ബിൽ നമ്പർ : 243/19-3-2024<br>₹ 50000 ബിൽ നമ്പർ : 300/25-3-2024<br>ആകെ- ₹300000 |

കോക്ലിയാർ ഇംപ്ലാന്റേഷൻ ഉപകരണങ്ങളുടെ റിപ്പയറിങ്ങിനായി ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട ഋദ്ധി ജാൻ, അർദ്ധേന്ദുമിത്ര, സാനിയ കല്ലിങ്കൽ, ഗൗരി നന്ദന, സഞ്ജയ്. പി. വി, അന്ന മരിയ ജോഷി എന്നീ ഗുണഭോക്താക്കൾക്ക് ഓരോരുത്തർക്കും ₹50000 വീതം കണക്കാക്കി ആകെ ₹300000 സ്റ്റേറ്റ് ഹെൽത്ത് ഏജൻസി, കേരള യുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം, ഗുണഭോക്താക്കളുടെ ഉപകരണങ്ങൾ റിപ്പയർ ചെയ്തതിന്റെ രേഖകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 26/29-10-2024) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെയും വിനിയോഗ സാക്ഷ്യപത്രത്തിന്റെയും അഭാവത്തിൽ ₹300000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-26 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് – രേഖകൾ ലഭ്യമല്ല – 9000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ / പേര് | 32/24 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് |
| അടങ്കൽ | ₹500000 വികസന ഫണ്ട് – ജനറൽ<br>₹250000 ബ്ലോക്ക് പഞ്ചായത്ത്<br>₹100000 ജില്ലാ പഞ്ചായത്ത്<br>ആകെ-₹850000 |
| ചെലവ് | ₹ 500000 വികസന ഫണ്ട് – ജനറൽ<br>₹200000 ബ്ലോക്ക് പഞ്ചായത്ത്<br>₹100000 ജില്ലാ പഞ്ചായത്ത്<br>ആകെ-₹800000 |
| തുക, ബിൽ നമ്പർ,തീയതി | ₹ 261000 ബിൽ നമ്പർ :6/20-11-2023<br>₹ 239000 ബിൽ നമ്പർ :11/22-11-2023<br>₹ 200000 ബിൽ നമ്പർ : 23/16-11-2023 |

| | |
|---|---|
| | ₹ 100000 ബിൽ നമ്പർ :24/7-12--2023 |

ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി 2023-24 സാമ്പത്തിക വർഷം ₹800000 ചെലവഴിച്ചിട്ടുണ്ട്.

മേൽ പ്രോജക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി താഴെ പറയുന്ന വിദ്യാർത്ഥികൾക്ക് വിവിധ ബില്ലുകളിൽ നിന്ന് നൽകിയതുക മാർഗ്ഗരേഖയിൽ വ്യവസ്ഥചെയ്തതിനേക്കാൾ കൂടുതലാണ്.

| ക്രമനമ്പർ | വിദ്യാർത്ഥിയുടെ പേര് | നൽകിയ തുക | നൽകാവുന്ന പരമാവധി തുക | അധികം |
|---|---|---|---|---|
| 1 | ഷാൻജിത്ത് | 11000+9000+8000+5000= 33000 | 28500 | 4500 |
| 2 | മേരി സാബു | 19000+9000+5000= 33000 | 28500 | 4500 |

അധികം തുക നൽകിയത് സംബന്ധിച്ച് 31/29.10.2024 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹9000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1–27 പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ – മരുന്ന് ലഭ്യമായില്ല. ചെലവ് തുക ₹17,064 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി |
| പ്രൊജക്ട് നമ്പർ/പേര് | 81/24, പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹7,00,000 മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ചെലവ് | ₹ 6,74,046 |

പി.എച്ച്.സി. ക്ക് മരുന്ന് വാങ്ങൽ എന്ന മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട് ആകെ ചെലവഴിച്ച 674046 രൂപയുടെ ബിൽ നമ്പർ 68/12.09.2023 പ്രകാരം മരുന്ന് വാങ്ങുന്നതിന് 182864 രൂപ പ്രഫോർമ ഇൻവോയിസ് നമ്പർ PRF/1096/1.09.2023 ന്റെ അടിസ്ഥാനത്തിൽ കേർള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. ഇതിൽ 169800 രൂപയുടെ മരുന്ന് മാത്രമാണ് പി.എച്ച്.സി.-ക്ക് ലഭമായിട്ടുള്ളത്. മുഴവൻ മരുന്നും ലഭ്യമാകാത്തതതിനാൽ 17064 രൂപയുടെ (182864-165800) ചെലവ് തടസ്സപ്പെടുത്തുന്നു.

## 1–28 ഹരിതകർമ്മസേനക്ക് സുരക്ഷ ഉപകരണങ്ങളും അനുബന്ധസാധനങ്ങളും വാങ്ങൽ– രേഖകൾ ലഭ്യമല്ല–₹180000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കാക്കയങ്ങാട് സർക്കിൾ |
| പ്രോജക്ട് നമ്പർ / പേര് | 121/24 ഹരിതകർമ്മസേനക്ക് സുരക്ഷ ഉപകരണങ്ങളും അനുബന്ധ സാധനങ്ങളും വാങ്ങൽ |
| അടങ്കൽ | ₹180060 വികസന ഫണ്ട് -ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവ് | ₹180000 ബിൽ നമ്പർ : 348/27-3-2024 |

ഹരിതകർമ്മസേനക്ക് സുരക്ഷ ഉപകരണങ്ങളും അനുബന്ധസാധനങ്ങളും വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം ഹരിതകർമ്മസേനക്ക് ആവശ്യമായ യൂണിഫോം, സുരക്ഷ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ ലഭ്യമായ രണ്ട് ടെണ്ടറുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ജിംകോ എക്സിം & ട്രേഡ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും സ്ഥാപനത്തിന്റെ ടാക്സ് ഇൻവോയ്സ് നമ്പർ JC 993 DT 23-3-2024 പ്രകാരം യൂണിഫോം റൗണ്ട് കാപ്പ്, ഗ്ലൗസ്, ലേഡീസ് ഷൂസ്, റെയിൻ കോട്ട്, വേസ്റ്റ് കളക്ഷൻ ബാഗ് എന്നിവ വാങ്ങിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ട്.

1) ടെണ്ടർ അംഗീകരിച്ചതിന്റെ ഭരണസമിതി തീരുമാനം പർച്ചേസിംഗ് കമ്മിറ്റി തീരുമാനം എന്നിവ ഫയലിൽ ലഭ്യമല്ല.

2) മേൽ ഇൻവോയ്സ് പ്രകാരം വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ ലഭ്യമല്ല.

3) മേൽ പദ്ധതി പ്രകാരം ഹാങിംങ് സ്കെയിൽ (50കിഗ്രാം) വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ നിരക്ക്

ക്വാട്ട് ചെയ്ത മലബാർ സ്റ്റെയിൽ എന്ന സ്ഥാപനത്തിൽ നിന്നും 15 ഹാങിംങ് സ്റ്റെയിൽ@ ₹699 വെച്ച് 10485 രൂപക്ക് വാങ്ങിയിട്ടുണ്ട്. കാഷ് ബുക്ക് പ്രകാരം 22-12-2023 ന് തുക നൽകിയിട്ടുണ്ടെങ്കിലും ഈ ചെലവ് സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. ആയതിന്റെ കാരണം വ്യക്തമാക്കപ്പെട്ടിട്ടില്ല. മേൽ ഹാങിംങ് സ്റ്റെയിലുകൾ സ്റ്റോക്കിലെടുത്തതിന്റേയും വിതരണം ചെയ്തതിന്റേയും രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 28/29-10-2024) ലഭ്യമാക്കിയ മറുപടിയിൽ രേഖകൾ ലഭ്യമാക്കുന്നതാണെന്നും ഹാങിംങ് സ്റ്റെയിൽ (50 കിഗ്രാം) വാങ്ങിയതിന്റെ ചെലവ് സുലേഖയിൽ ഉൾപ്പെട്ടിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഖണ്ഡികയിൽ പരാമർശിച്ച രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. അപാകങ്ങളുടെ അടിസ്ഥാനത്തിൽ ₹180000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-29 ഹോമിയോ മരുന്ന് ലഭ്യമായിട്ടില്ല – ₹18,400 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| പ്രോജക്ട് നമ്പർ / പേര് | 41/24 ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹3,00,000 മെയിന്റനൻസ് ഫണ്ട്, റോഡിതരം |
| ചെലവ് | ₹3,00,000 ബിൽ നമ്പർ: 200/27.02.2024 |

ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി മേൽ പ്രോജക്ട് പ്രകാരം കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് ₹3,00,000 നൽകിയിട്ടുണ്ട്. എന്നാൽ ഇൻവോയ്സ് നമ്പർ LF-183/20-03-2024 പ്രകാരം ലഭ്യമായ ₹1,44,963 യുടേയും ഇൻവോയ്സ് നമ്പർ LF-987/26-08-2024 പ്രകാരം ലഭ്യമായ ₹1,36,637 യുടേയും ഉൾപ്പെടെ ആകെ ₹2,81,600 യുടെ മരുന്നുകൾ ലഭ്യമായതിന്റെ രേഖകൾ മാത്രമാണ് പരിശോധനക്കായി ലഭ്യമാക്കിയിട്ടുള്ളത്. ₹18,400 യുടെ (3,00,000-2,81,600) മരുന്നുകൾ ലഭിച്ചതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ 2/24-10-2024 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ₹18,400 യുടെ മരുന്നുകൾ ലഭ്യമായിട്ടില്ലെന്നും ആയത് ഉടനെ ലഭ്യമാക്കുന്നതാണെന്ന് ഹോംകൊ അറിയിച്ചിട്ടുണ്ടെന്നും മറുപടി നല്കിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമാകാത്തതിനാൽ ₹18,400 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-30 സ്കൂളുകൾക്ക് പത്ര മാസിക വിതരണം – രേഖകൾ ലഭ്യമാക്കിയില്ല – ₹9900 യുടെ ചെലവ് തടസപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ജി യു പി എസ് വിളക്കോട് |
| പ്രൊജക്ട് നമ്പർ/പേര് | 102/24, സ്കൂളുകൾക്ക് പത്ര മാസിക വിതരണം |
| അടങ്കൽ | ₹ 150000 വികസനഫണ്ട് (ജനറൽ) |
| ചെലവ് | ₹ 9900 ബിൽ നമ്പർ: 191/08.02.2024 |

സ്കൂളുകൾക്ക് പത്ര മാസിക വിതരണം നടത്തുന്നതിനായി വികസന ഫണ്ടിൽ നിന്നും മേൽപ്പറഞ്ഞ പ്രകാരം ₹9900 പിൻവലിച്ച് മാനേജിങ് ഡയറക്ടർ , EUREKA എന്നിവരുടെ SBIN0070576/67033514308 ബാങ്ക് അക്കൗണ്ടുകളിലേക്ക് തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങളുണ്ട്.

1. ഏതൊക്കെ സ്കൂളുകൾക്കാണ് യുറീക്ക, ശാസ്ത്ര കേരളം മാസിക വിതരണം ചെയ്തിട്ടുള്ളതെന്ന വിവരം ലഭ്യമല്ല

2. പദ്ധതി കാലയളവിൽ യുറീക്ക, ശാസ്ത്ര കേരളം മാസിക മുടക്കം കൂടാതെ ലഭിച്ചിട്ടുള്ളതായി സ്കൂൾ ഹെഡ്മാസ്റ്റർമാരുടെ സാക്ഷ്യപത്രം ലഭ്യമല്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 26/29-10-2024) ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെയും രേഖകളുടെയും അഭാവത്തിൽ ₹9900 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-31 പത്താമുദയം സമ്പൂർണ്ണ സെക്കണ്ടറി വിദ്യാഭ്യാസ ജില്ല പദ്ധതി പദ്ധതിയുടെ പുരോഗതി വിവരം ലഭ്യമല്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പ്രൊജക്ട് നമ്പർ/പേര് | 49/24, പത്താമുദയം സമ്പൂർണ്ണ സെക്കണ്ടറി വിദ്യാഭ്യാസ ജില്ല |
| അടങ്കൽ | ₹100000 വികസനഫണ്ട് (ജനറൽ)<br>₹162350 തനത് ഫണ്ട് |

| | |
|---|---|
| | ആകെ: ₹262350 |
| ചെലവ് | ₹86950 തനത് ഫണ്ട്, ബിൽ നമ്പർ- 231/ 16-03-2024<br>₹75400 തനത് ഫണ്ട്, ബിൽ നമ്പർ- 232/ 16-03-2024<br>ആകെ: ₹162350 |

28.05.2022 തീയതിയിലെ പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ)നം.115/2022/തസ്വഭവ-യിലെ ഖണ്ഡിക 7.4.5-യിൽ സംസ്ഥാന സാക്ഷരതാ മിഷന്റെ നിർദ്ദേശങ്ങൾ പരിഗണിച്ച് തുല്യതാ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്ന പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീസ്, പരീക്ഷാ ഫീസ്, കോഴ്സ് ഫീസ് തുടങ്ങിയവ അടവാക്കുന്നതിന് എല്ലാ തലത്തിലുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് ഏറ്റെടുക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

ബിൽ നം. 231/ 16-03-2024 പ്രകാരം പത്താംതരം തുല്യതാ കോഴ്സിന് ഒരു പഠിതാവിന് 1850 രൂപ നിരക്കിൽ 47 പേർക്ക് കോഴ്സ് ഫീസിനത്തിൽ കേരള സംസ്ഥാന സാക്ഷരതാ മിഷന്റെ പേരിലുള്ള 57026996123 നമ്പർ അക്കൗണ്ടിലേക്ക് 86950 രൂപ നല്കിയിട്ടുണ്ട്. നിലവിൽ പത്താംതരം തുല്യതാ പരീക്ഷ നടന്നിട്ടുണ്ടെങ്കിൽ 47 പഠിതാക്കളിൽ എത്ര പേർ പരീക്ഷ എഴുതിയിട്ടുണ്ട്, എത്ര പേർ വിജയിച്ചു എന്നതിന്റെ വിവരം ലഭ്യമല്ല.

ബിൽ നം. 232/16-03-2024 പ്രകാരം പ്ലസ് വൺ തുല്യതാ കോഴ്സിന് ഒരു പഠിതാവിന് 2,600 രൂപ നിരക്കിൽ 29 പേർക്ക് 75400 രൂപ കോഴ്സ് ഫീസിനത്തിൽ കേരള സംസ്ഥാന സാക്ഷരതാ മിഷന്റെ പേരിലുള്ള 02880100113107 നമ്പർ അക്കൗണ്ടിലേക്ക് നല്കിയിട്ടുണ്ട്. നിലവിൽ പ്ലസ് വൺ, പ്ലസ്ടു തുല്യതാ പരീക്ഷ നടന്നിട്ടുണ്ടെങ്കിൽ 29 പഠിതാക്കളിൽ എത്ര പേർ പരീക്ഷ എഴുതിയിട്ടുണ്ട്, എത്ര പേർ വിജയിച്ചു എന്നതിന്റെ വിവരം ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 38/30-10-2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതും പുരോഗതി വിവരം അറിയിക്കേണ്ടതുമാണ്.

## 1-32 കാർഷിക മേഖലയിലെ പദ്ധതികൾ - പൊതുവായ അപാകങ്ങൾ

2023-24 വർഷത്തിൽ കൃഷി ഓഫീസർ കാർഷിക മേഖലയിൽ പഞ്ചായത്തിൽ നടപ്പിലാക്കിയ പ്രോജക്ടുകളുടെ നിർവഹണത്തിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.
**1.** വ്യക്തിഗത ആനുകൂല്യങ്ങൾ അനുവദിക്കുന്ന പദ്ധതികളിൽ സ്ഥല പരിശോധന, കൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തൃതി, ഏതെല്ലാം കൃഷികളാണ് ചെയ്തിട്ടുള്ളത് തുടങ്ങിയ വസ്തുതകൾ ഉത്തരവാദപ്പെട്ട കൃഷി ഓഫീസറോ/കൃഷി അസിസ്റ്റന്റോ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2) കൃഷിക്ക് കൂലിച്ചെലവ് പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് സബ്സിഡി മാർഗ്ഗരേഖയിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ഗുണഭോക്താക്കൾ നെൽകൃഷി ചെയ്തിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം. പരിശോധനാ റിപ്പോർട്ടുകൾ ഗുണഭോക്താക്കളുടെ വ്യക്തിഗത അപേക്ഷയോടൊപ്പം സൂക്ഷിക്കേണ്ടതാണ്. കൂലിച്ചെലവ് നൽകുന്ന സാഹചര്യത്തിൽ കൃഷിചെയ്ത സ്ഥലത്തിന്റെ വിസ്തൃതി, കൃഷിച്ചെലവ്, അനുവദിക്കുന്ന സബ്സിഡി തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ പരിശോധനാ സാക്ഷ്യപത്രം അപേക്ഷകളോടൊപ്പം സൂക്ഷിച്ചിട്ടില്ല.

3) വ്യക്തിഗത അപേക്ഷകളിൽ വർക്കിങ്ങ് ഗ്രൂപ്പ് കൺവീനർ, ചെയർമാൻ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
ഇതു സംബന്ധിച്ച് 29-10-2024 ന് നൽകിയ 35-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക്, പഞ്ചായത്ത് അച്ചടിച്ച നൽകിയ ഫോറത്തിൽ റിപ്പോർട്ട് ചേർക്കുന്നതിനാവശ്യമായ സ്ഥലം ഇല്ലാത്തതിനാലാണ് വെരിഫിക്കേഷൻ റിപ്പോർട്ട് ചേർക്കാതിരുന്നത് എന്നും വരും വർഷങ്ങളിൽ മേൽപ്പറഞ്ഞ അപാകം പരിഹരിക്കുമെന്നും കൃഷി ഓഫീസർ മറുപടി നല്കിയിട്ടുണ്ട്. ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-33 മുറ്റത്തൊരു മീൻതോട്ടം-തൊഴിലുറപ്പ് പദ്ധതിയിൽ നിർവഹിക്കുന്നതിനുള്ള സാധ്യത പ്രയോജനപ്പെടുത്തേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ |
| പ്രോജക്ട് നമ്പർ/പേര് | 1/24, മുറ്റത്തൊരു മീൻതോട്ടം |
| അടങ്കൽ | ₹40,000 വികസന ഫണ്ട്, ജനറൽ<br>₹60,000 ഗുണഭോക്തൃ വിഹിതം,നേരിട്ട് ചെലവഴിച്ചത്<br>ആകെ ₹1,00,000 |
| ചെലവ് | ₹35,280 വികസന ഫണ്ട്, ജനറൽ<br>₹52,920 ഗുണഭോക്തൃ വിഹിതം,നേരിട്ട് ചെലവഴിച്ചത് |

| | |
|---|---|
| | ആകെ ₹88,200 |
| ബിൽ നമ്പർ,തീയതി | 193/12-02-2024, ₹35,280 |

വിഷരഹിതമായ മത്സ്യം പ്രാദേശികമായി ഉല്പാദിപ്പിച്ച് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച് മേൽ പ്രോജക്ട് പ്രകാരം 5 ഗുണഭോക്താക്കൾക്ക് സബ്സിഡി നല്കുന്നതിനായി ₹35,280 വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് നടപ്പിലാക്കിയതിലെ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ തീയ്യതി 28.05.22 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.4 ഉപഖണ്ഡിക 13 A(4) പ്രകാരം കുളം നിർമ്മാണം തൊഴിലുറപ്പ് പദ്ധതിയിൽ നിർവഹിക്കുന്നതിനുള്ള സാധ്യത പ്രയോജനപ്പെടുത്തണമെന്നും തൊഴിലുറപ്പ് പദ്ധതിയിൽ നിർവ്വഹിക്കുന്ന പ്രവർത്തനങ്ങളുടെ യൂണിറ്റ് തുക അതത് യൂണിറ്റിൽ കുറവ് വരുത്തണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ സാധ്യത പഞ്ചായത്ത് പ്രയോജനപ്പെടുത്തിയിട്ടില്ല.

2. സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.4 ഉപഖണ്ഡിക 13 A(7) പ്രകാരം മത്സ്യ കൃഷിയെ ഫിഷറീസ് വകുപ്പിന്റെ ഇൻഷ്വറൻസ് സ്കീമിന്റെ ഭാഗമാക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കൾ ഇപ്രകാരം മത്സ്യ കൃഷി ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (21/28-10-2024) മത്സ്യ കൃഷിക്കുള്ള കുളം നിർമ്മാണം തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയാൽ സമയബന്ധിതമായി പ്രോജക്ട് പൂർത്തീകരിക്കാൻ സാധ്യതയില്ലെന്ന് അറിഞ്ഞതിനാലാണ് ഗുണഭോക്താക്കൾ നേരിട്ട് കുളം കുഴിച്ചത് എന്നും സർക്കാർ തലത്തിൽ മത്സ്യ കൃഷി ഇൻഷ്വർ ഇതേവരെ പ്രാബല്യത്തിൽ വരാത്തതിനാൽ ഇൻഷ്വർ ചെയ്യാൻ സാധിച്ചിട്ടില്ലെന്നും ഇൻഷ്വറൻസ് പദ്ധതി നിലവിൽ വരുന്ന മുറക്ക് ഇൻഷ്വർ ചെയ്യുന്നതാണെന്നും നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നല്കിയിട്ടുണ്ട്. ഭാവിയിൽ പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ കുളം നിർമ്മാണം തൊഴിലുറപ്പ് പദ്ധതിയിൽ നിർവഹിക്കുന്നതിനുള്ള സാധ്യത പ്രയോജനപ്പെടുത്താനുള്ള മുന്നൊരുക്കങ്ങൾ നടത്തേണ്ടതാണ്.

## 1-34 ആസ്തി സംരക്ഷണം-കാര്യക്ഷമമാക്കേണ്ടതാണ്

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 20-01-2017 ലെ ജി.ഒ(ആർ.ടി) 166/2017/ എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം അംഗീകരിച്ച അസറ്റ് മാനേജ് മെന്റ് മാന്വലിലെ ഖണ്ഡിക 2-2 ൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും സെക്രട്ടറി കൺവീനറായും വൈസ് പ്രസിഡന്റ്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർ പേഴ്സൺമാർ, എൽ.എസ്.ജി.ഡി. എൻജിനീയർ, അക്കൗണ്ടന്റ് തുടങ്ങിയവർ ഉൾപ്പെട്ട ഒരു അസ്സറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അസറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ചിട്ടുണ്ടെന്ന് തെളിയിക്കുന്ന രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ 3/24-10-2024 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് അസ്സറ്റ് മാനേജ് മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി ഗ്രാമ പഞ്ചായത്തിൽ രൂപീകരിച്ചിട്ടില്ലെന്നും, രൂപീകരിക്കുന്നതിനുള്ള നടപടികൾ ഉടനെ സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി മറുപടി നല്കിയിട്ടുണ്ട്.

19-04-2022തീയതിയിലെ സ.ഉ (കൈ) നം.84/2022/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ 6.8 നമ്പർ ഖണ്ഡികയിൽ മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കുവാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്, സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തി വിപുലപ്പെടുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും സ്ഥാപനങ്ങളെ ഉന്നതനിലവാരത്തിലേക്കുയർത്തുന്നതിനും അനുയോജ്യമായ നിർദ്ദേശങ്ങളാണ് ആസ്തി സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. അംഗീകൃത ഏജൻസികളെ ഉപയോഗിച്ച് ജി.ഐ.എസ് സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി ആസ്തി രജിസ്റ്റർ കുറ്റമറ്റതും കാലികവുമാക്കേണ്ടതും തങ്ങളുടെ ഉടമസ്ഥതയിലുള്ള എല്ലാ ആസ്തികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് തദ്ദേശഭരണസ്ഥാപനം ഉറപ്പുവരുത്തേണ്ടതുമാണ്. പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ആസ്തി സംരക്ഷണത്തിനായി വാർഷിക പദ്ധതിയിൽ പ്രോജക്ടുകൾ രൂപീകരിച്ച് നിർവഹണം നടത്തി വരുന്നുണ്ട് എന്ന് മറുപടി നല്കിയിട്ടുണ്ട്. റോഡ് ആസ്തികൾ R-TRACK സോഫ്റ്റ് വെയർ ഉപയോഗിച്ച് കാലികമാക്കിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട രേഖകൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. അസറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് വിവരം അറിയിക്കേണ്ടതും മുഴുവൻ ആസ്തികളും ഉൾപ്പെടുത്തി കാലികമാക്കിയ ആസ്തി രജിസ്റ്റർ പരിശോധനക്കായി ലഭ്യമാക്കേണ്ടതുമാണ്.

## 1-35 ഡിസ്മാന്റലിങ് നടന്ന വസ്തുക്കൾ - വിവരം ലഭ്യമല്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പ്രവർത്തികളിൽ താഴെ പറയും പ്രകാരം ഡിസ്മാന്റലിങ് എന്ന പ്രവർത്തി നടന്നിട്ടുണ്ട്, എന്നാൽ പ്രസ്തുത പ്രവർത്തികളിൽ ഡിസ്മാന്റലിങ് നടന്ന വസ്തുക്കൾ സ്റ്റോക്ക് ചെയ്തതായോ, ഉപയോഗപ്രദമായവ വേർതിരിച്ചതായോ, പണമൂല്യമുള്ളവ ലേലം ചെയ്തതായോ ഉള്ള രേഖകൾ ലഭ്യമല്ല. ഡിസ്മാന്റിൽ ചെയ്ത വസ്തുക്കൾ വേർതിരിച്ച് ഉപയോഗപ്രദമായവ ഉപയോഗിക്കുകയും, ലേലം ചെയ്യേണ്ടവ ലേലം ചെയ്യുകയും ചെയ്യേണ്ടതാണ്

1)

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 173/24. കാക്കയങ്ങാട് അംഗനവാടി അറ്റകുറ്റപ്പണി |
| അടങ്കൽ | ₹373000 (Maintenance Fund - NR) |
| ചെലവ് | ₹342055 |
| കരാറുകാരൻ | വിനീത് കെ |
| എം ബുക്ക് | ഇ - എം ബുക്ക് |
| പ്രവർത്തി വിവരങ്ങൾ | ഇ - എം ബുക്ക് Item No, 1. Demolishing RCC Work -Kitchen Slab |

2)

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 167/24. അമ്പലമുക്ക് അംഗൻവാടി നവീകരണം |
| അടങ്കൽ | ₹208909 (Maintenance Fund - NR) |
| ചെലവ് | ₹177613 Bill No. 30/6/7/23 |
| കരാറുകാരൻ | മനോജ് പി വി |
| എം ബുക്ക് | ഇ - എം ബുക്ക് |
| പ്രവർത്തി വിവരങ്ങൾ | ഇ - എം ബുക്ക് Item No, 1. Dismantling Roofs Including Ridges Etc..... 23.0100m2<br>Item No. 2. Taking Out Doors Windows.....Etc- 2.000<br>Item No. 3. Demolishing Stone Rubble Masontry Manually Or By Mechanical Means.- 6.0720 M3 |

## 1-36 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ -കേരളത്തിലെ മാലിന്യസംസ്കരണം ഹരിതകർമ്മസേനയിലൂടെ - അവലോകനം

സ.ഉ(ആർ.ടി)നം.1496/2020/ തസ്വഭവ 12.08.2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രത്യേകമായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. മാലിന്യ സംസ്കരണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്തങ്ങൾ വ്യക്തമാക്കികൊണ്ട് സ.ഉ(ആർ.ടി) 880/2021/ത.സ്വ.ഭ.വ. തീയതി 16.04.2021, സ.ഉ (ആർ.ടി) 949/2021/ തസ്വഭവ തീയതി 05.05.2021 എന്നീ ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്. മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചക്രമണത്തിലൂടെ മറ്റ് ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വേസ്റ്റ് (മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം പൂർത്തീകരിക്കുക എന്നതാണ് ഈ ക്യാമ്പയിന്റെ ഉദ്ദേശ ലക്ഷ്യം. ആയതിലേക്കായി പൗരൻമാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിത കർമ്മസേന, ഹരിത സഹായ സ്ഥാപനം, ക്ലീൻ കേരള കമ്പനി, ഹരിത കേരള മിഷൻ എന്നിവയുടെ ചുമതലകൾ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

ജൈവമാലിന്യം ഉറവിടത്തിൽ തന്നെ പരിപാലിക്കുക, അജൈവ മാലിന്യം ശേഖരിച്ച് പുന:ചംക്രമണ വിധേയമാക്കുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുക എന്നിവ ആയിരിക്കണം ഓരോ പ്രദേശത്തേയും മാലിന്യ വിമുക്തമാക്കുന്നതിനായി ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ സമീപനം. മേൽ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനായി 2023-24 വർഷത്തിൽ മാലിന്യ നിർമ്മാർജ്ജനം, മാലിന്യങ്ങളുടെ ഉറവിട സംസ്കരണം, ഹരിതകർമ്മ സേനാംഗങ്ങൾക്ക് സൗകര്യമൊരുക്കൽ എന്നിവയുമായി ബന്ധപ്പെട്ട് താഴെപറയുന്ന സൂചകങ്ങളുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 01/24-10-2024 ന് മുഴക്കുന്ന് ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

A.ഹരിത കർമ്മസേനയുടെ പ്രവർത്തനം

മുഴക്കുന്ന് ഗ്രാമപഞ്ചായത്ത് മാലിന്യ ശേഖരണത്തിനായി ക്ലീൻ കേരള കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഗാർഹിക, ഗാർഹികേതര കെട്ടിടങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മാർക്കറ്റുകൾ, ഹോട്ടലുകൾ, ആരാധനാലയങ്ങൾ, ആതുരാലയങ്ങൾ, മറ്റുള്ളവ എന്നിവ വഴി ഉണ്ടാകുന്ന അജൈവ മാലിന്യങ്ങൾ ഹരിതകർമ്മസേന വഴി ശേഖരിച്ച് തരംതിരിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറി വരുന്നുണ്ട്. മാലിന്യം ശേഖരിക്കുന്നതിന് കലണ്ടർ മുൻകൂട്ടി തയ്യാറാക്കി എല്ലാ വീടുകൾക്കും സ്ഥാപനങ്ങൾക്കും ഹരിത കർമ്മ സേന ലഭ്യമാക്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കൃത്യമായ ഇടവേളകളിൽ മാലിന്യ ശേഖരണം നടത്തിവരുന്നു.

ഗ്രാമ പഞ്ചായത്തിലെ ജനസംഖ്യ, ആൾ താമസമുള്ള വീടുകളുടെ എണ്ണം (Residential), പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം (Non- Residential) ഹരിത കർമ്മസേനാംഗങ്ങളുടെ വിവരം എന്നിവ ചുവടെ കൊടുക്കുന്നു.

| വാർഡുകളുടെ എണ്ണം | പഞ്ചായത്തിലെ ജനസംഖ്യ | ആൾ താമസമുള്ള വീടുകളുടെ എണ്ണം (Residential) | പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം | ഹരിത കർമ്മസേനാംഗങ്ങളുടെ എണ്ണം |
|---|---|---|---|---|
| 15 | 21807 | 5956 | 437 | 30 |

പഞ്ചായത്ത് ഭരണസമിതി തീരുമാനപ്രകാരം യൂസർ ഫീ നൽകാൻ സാഹചര്യം ഇല്ലാത്ത പട്ടിക വർഗ്ഗത്തിൽപ്പെട്ട 294 കുടുംബങ്ങളെ യൂസർഫീസ് നൽകുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ആയതിന് പദ്ധതി രൂപീകരിച്ച യൂസർഫീസ് നൽകിയിട്ടുണ്ട് (പ്രൊജക്റ്റ് നമ്പർ 52/24 തീയതി 15-2-2024). 2023-24 വർഷം 2833670 രൂപ യൂസർഫീസ് ഇനത്തിൽ ലഭ്യമായിട്ടുണ്ട്. 90% അജൈവ മാലിന്യങ്ങളും ഉറവിടത്തിൽ തന്നെ തരംതിരിച്ചാണ് ശേഖരിക്കുന്നത്. എന്നാൽ 10% വരുന്ന ആളുകൾ അജൈവ മാലിന്യങ്ങൾ കഴുകി ഉണക്കി തരാൻ വിമുഖത കാണിക്കുന്നവരാണ്. ഹരിതകർമ്മസേന നേരിടുന്ന പ്രധാന ബുദ്ധിമുട്ടാണിത്. ആളുകളെ ബോധവൽക്കരണത്തിലൂടെയും, ചിലപ്പോഴൊക്കെ ഹരിതകർമ്മസേന നേരിട്ട് അജൈവ മാലിന്യം കഴുകി വൃത്തിയാക്കി ശേഖരിച്ചും ഈ പ്രശ്നത്തിന് പരിഹാരം കാണാൻ ശ്രമിക്കുന്നുണ്ട്.

മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലെയും പാതയോരങ്ങൾ, പൊതു ഇടങ്ങൾ ജലസ്രോതസ്സുകൾ എന്നിവ ബഹുജന പങ്കാളിത്തത്തോടെ ശുചീകരിക്കുകയും ലഗസി മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനി ലിമിറ്റഡിന് സമയബന്ധിതമായി റിസൈക്കിൾ ചെയ്യുന്നതിന് കൈമാറുകയും ചെയ്തിട്ടുണ്ട്. 100% ലഗസി മാലിന്യവും റിസൈക്കിൾ ചെയ്യാൻ ക്ലീൻ കേരള കമ്പനി ലിമിറ്റഡിന് കൈമാറിയിട്ടുണ്ട്. പഞ്ചായത്തിൽ പാല HSSലെ NSS കുട്ടികളുടെ സഹായത്താൽ ഹരിതകർമ്മസേനയോടൊപ്പം വീടുകളിൽ എന്ന പ്രവർത്തനം എല്ലാ വാർഡുകളിലും സംഘടിപ്പിച്ചിട്ടുണ്ട്. സോഷ്യൽ മീഡിയ വഴി പോസ്റ്റർ പ്രചാരണവും തുടർച്ചയായി നടത്തിവരുന്നു. പഞ്ചായത്തിലെയും പഞ്ചായത്ത് പരിധിയിലെ എല്ലാ സ്ഥാപനങ്ങളിലും നടത്തി വരുന്ന ചടങ്ങുകൾ ശുചിത്വ പ്രതിജ്ഞയോടെയാണ് ആരംഭിക്കുന്നത്. കടകളിൽ ഡോർ ടു ഡോർ ക്യാമ്പയിൻ സംഘടിപ്പിക്കാറുണ്ട്. ശുചിത്വസന്ദേശം ഉൾക്കൊള്ളുന്ന നോട്ടീസ് പതിപ്പിച്ചിട്ടുണ്ട്.

ഹരിതകർമ്മസേനയുടെ മാസ വരുമാന വർദ്ധനവിനായി പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഹരിതകർമ്മസേന സ്റ്റീൽ പ്ലേറ്റുകളും ഗ്ലാസുകളും വാടകക്ക് കൊടുക്കുന്ന സംരംഭം നടത്തിവരുന്നുണ്ട്. കൂടാതെ എൽ ഇ ഡി ബൾബ് റിപ്പയറിങ് യൂണിറ്റ് കൂടി പുതുതായി പഞ്ചായത്ത് കെട്ടിടത്തിൽ നടത്തിവരുന്നു. ഹരിതകർമ്മസേനാംഗങ്ങളുടെ വേതനത്തിനായി വയബിലിറ്റി ഗ്യാപ് ഫണ്ട് 2023-24 വർഷം ഉപയോഗിക്കേണ്ടി വന്നിട്ടില്ല. ഹരിതകർമ്മസേനക്ക് മിനി എം സിഎഫിൽ നിന്നും എം സിഎഫിലേക്ക് മാലിന്യങ്ങൾ തരം തിരിച്ച് കൊണ്ടു പോകുന്നതിന് ഇലക്ട്രിക് ഗുഡ്സ് ഓട്ടോ ലഭ്യമാക്കിയിട്ടുണ്ട്. ഹരിതകർമ്മസേനക്ക് ഡ്രൈവിങ്ങ് പരിശീലനം നൽകിയിട്ടുണ്ട്. മൂന്നാം വർഡിൽ ഉളിപ്പടി എന്ന് സ്ഥലത്ത് സ്ഥിതി ചെയ്യുന്ന എം സിഎഫിൽ ഓഫീസ് സൗകര്യത്തിനായി പ്രത്യേകം മുറി ഒരുക്കിയിട്ടുണ്ട്.

ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡ്, പഞ്ചായത്ത് ഹെൽത്ത് വിങ്ങ് എന്നിവർ നടത്തിയ പരിശോധനയിൽ മാലിന്യങ്ങൾ അലക്ഷ്യമായി കൈകാര്യം ചെയ്തതിന് 64000 രൂപ പിഴ ചുമത്തി ഈടാക്കിയിട്ടുണ്ട്.

ഹരിതകർമ്മസേനാംഗങ്ങൾക്ക് മാലിന്യങ്ങൾ തരംതിരിക്കുന്നതിനും കണക്കുകൾ സൂക്ഷിക്കുന്നതിനെ പറ്റിയും പേരാവൂർബ്ലോക്കിൽ വെച്ച് സമയബന്ധിതമായി ക്ലാസുകൾ നൽകിയിട്ടുണ്ട്. ഹരിതകർമ്മസേനയുടെ പ്രവർത്തനം ഹരിതമിത്രം ആപ്പ് വഴിയും വാട്സ് അപ്പ് ഗ്രൂപ്പ് വഴിയും ദിവസേന നിരീക്ഷിക്കുകയും എല്ലാ മാസാവസാനവും അവലോകനയോഗം ചേർന്ന് സെക്രട്ടറി, പ്രസിഡണ്ട്, വാർഡ് മെമ്പർമാർ എന്നിവരുടെ നേതൃത്വത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം വിലയിരുത്തുകയും ചെയ്യുന്നുണ്ട്. ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളുമായി സഹകരിക്കാത്ത സ്ഥാപനങ്ങൾക്കും വീടുകൾക്കും നോട്ടീസ് നൽകുകയും നേരിട്ട് ബോധവൽക്കരിക്കുകയും ചെയ്യുന്നുണ്ട്.

**B.എം സി എഫ് ന്റെ പ്രവർത്തന വിവരം**

മുഴക്കുന്ന് ഗ്രാമപഞ്ചായത്തിലെ വാർഡ് 3-ൽ ഉളിപ്പടി എന്ന സ്ഥലത്ത് ആണ് എംസിഎഫ് സ്ഥിതിചെയ്യുന്നത്. ഇത് താൽക്കാലിക എം.സി.എഫ് ആയാണ് പ്രവർത്തിക്കുന്നത്. MCF നിർമ്മിക്കാൻ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. തുടർ പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്. 962 സ്ക്വയർ ഫീറ്റ് വലിപ്പമാണ് എം.സി.എഫിനുള്ളത്. പാർട്ടീഷനായി ചെയ്ത സ്റ്റോറേജ് ഏരിയ ലഭ്യമാണ്. എം.സി.എഫിന്റെ വൈദ്യുതീകരണ പ്രവൃത്തികൾ നടക്കുന്നുണ്ട്. എം സി എഫിലേക്ക് റോഡ് സൗകര്യം ഉണ്ട്. എം.സി.എഫിൽ ശുചിമുറി, ഡ്രസിങ്ങ് റൂം ലഭ്യമാണ്. എം സിഎഫിൽ അഗ്നി ശമന ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്,

എല്ലാ വാർഡുകളിലും ആയി 38 മിനി എംസിഎഫുകളാണ് ഉള്ളത്. വാർഡുകളിൽ നിന്നും ശേഖരിച്ച തരം തിരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങൾ വിവിധ വാർഡുകളിൽ സ്ഥാപിച്ച മിനി എം സി എഫുകളിൽ എത്തിക്കുകയും അവിടെ നിന്നും ട്രാൻസ്പോർട്ടേഷൻ പ്ലാൻ പ്രകാരം എം സിഎഫിലേക്ക് എത്തിക്കുകയും ചെയ്യുന്നു. എല്ലാ മാസവും പാഴ്വസ്തുക്കൾ എംസിഎഫിലേക്ക് മാറ്റുന്നുണ്ട്. അജൈവ മാലിന്യങ്ങൾ ഒരു മാസം വരെ അന്തിമ സംഭരണ ഏരിയയിൽ സൂക്ഷിക്കുന്നുണ്ട്. ക്ലീൻ കേരള കമ്പനിക്ക് കത്ത് നൽകുന്ന മുറക്ക് സമയബന്ധിതമായി എംസിഎഫിൽ നിന്നും മാലിന്യം കൊണ്ടു പോകുന്നുണ്ട്. പൊതുജനങ്ങളിൽ 10% ആളുകളുടെ നിസ്സഹകരണം, എല്ലാ സൗകര്യങ്ങളോടും കൂടിയ സ്ഥിരമായ എം.സി.എഫിന്റെ അഭാവം എന്നിവ പഞ്ചായത്തിൽ ഹരിതകർമ്മസേന നേരിടുന്ന പ്രശ്നമാണ്. ഇത്തരത്തിൽ മാലിന്യസംസ്കരണം ഹരിതകർമ്മസേനയിലൂടെ മുഴക്കുന്ന് ഗ്രാമ പഞ്ചായത്തിൽ ഒരു പരിധി വരെ നന്നായി പ്രവർത്തിക്കുന്നുണ്ട്.

**C.ഹരിത കർമസേനാപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള പ്രധാന ശിപാർശകൾ**

* സമയബന്ധിതമായി മാലിന്യം കൈമാറ്റം ചെയ്യപ്പെടുന്നുവെന്ന് സ്ഥാപനതലത്തിൽ ഉറപ്പ് വരുത്തേണ്ടതാണ്.
* ജൈവവളം നിർമാണം, കുടുംബശ്രീ മുഖേന പാഴ് വസ്തുകകളുടെ റീസൈക്ലിംഗിനും മറ്റ് സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള പരിശീലനം, ധനസഹായം എന്നിവ വഴി ഹരിതകർമ്മസേനൊഗങ്ങൾക്ക് മെച്ചപ്പെട്ട വരുമാനം പ്രദാനം ചെയ്യുന്നതിനായി പരിഗണിക്കാവുന്നതാണ്.
* പൊതു സ്ഥലങ്ങളിൽ മാലിന്യങ്ങൾ വലിച്ചെറിയുന്നവർക്കെതിരെ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 220(C) അനുസരിച്ചുള്ള ശിക്ഷാ രീതികൾ കർശനമാക്കേണ്ടതാണ്.
* ഹരിത കർമസേനാംഗങ്ങൾക്ക് ആരോഗ്യ പരിരക്ഷാ പദ്ധതികൾ, ഇ.എസ്.ഐ സൗകര്യം, നിശ്ചിത കാലയളവിൽ സൗജന്യ ആരോഗ്യ പരിശോധനകൾ എന്നിവ ഉറപ്പ് വരുത്താവുന്നതാണ്.
* MCF ന് വൊദ്യുതി, ജലലഭ്യത മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഉള്ള സ്ഥിരമായ എം സി എഫ് ഉണ്ടാക്കുക

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2023-24 | 23-10-2024, 24-10-2024 | കെ.എസ്.എ/കെ.എൻ.ആർ/സി.4/ 1676/24 തീയതി: 06.12.2024 |

### 4-2 സംയുക്തപ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതംനൽകിയ | തുക | ലഭിച്ച | പ്രൊജക്റ്റിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| സ്ഥാപനം | ലഭിച്ച വർഷം | തുക | | | |
|---|---|---|---|---|---|
| പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 1000000 | ലൈഫ് 2020- ജനറൽ 2023-24(പ്രൊജക്ട് നം- 71/24) | 1000000 | 0 |
| | 2023-24 | 130000 | ലൈഫ് 2020- പട്ടികജാതി (പ്രൊജക്ട് നം- 73/24) | 130000 | 0 |
| | 2023-24 | 300000 | ലൈഫ് ഭവനപദ്ധതി-2022-23 പട്ടിക വർഗ്ഗ വിഭാഗം (പ്രൊജക്ട് നം- 148/24) | 300000 | 0 |
| | 2023-24 | 199977 | ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് (പ്രൊജക്ട് നം- 31/24) | 199977 | 0 |
| | 2023-24 | 200000 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (പ്രൊജക്ട് നം- 32/24) | 200000 | 0 |
| ആകെ | | 1829977 | | 1829977 | 0 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 2023-24 | 82000 | ലൈഫ് 2020- പട്ടികജാതി (പ്രൊജക്ട് നം- 73/24) | 82000 | 0 |
| | 2023-24 | 83278 | സാന്ത്വന പരിചരണം-2023-24 (പ്രൊജക്ട് നം- 73/24) | 83278 | 0 |
| | 2023-24 | 100000 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (പ്രൊജക്ട് നം- 32/24) | 100000 | 0 |
| | 2023-24 | 140130 | ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് (പ്രൊജക്ട് നം- 31/24) | 140130 | 0 |
| ആകെ | | 405408 | | 405408 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ തീയതി. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ (പ്രൊജക്ട്.നമ്പർ 23/24,) | 271/ 23-03-2024 | ₹486713 | 0 | ₹486713 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിന് വായ്പയിനത്തിൽ 320000രൂപ വരവ് വന്നിട്ടുണ്ട്. വായ്പ വരവിന്റേയും വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക (2023-24 വർഷത്തെ ഉൾപ്പെടെ) | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം ലഭിച്ച വായ്പ | ആകെ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|---|
| | | | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഭവന പദ്ധതി | ലഭ്യമാക്കിയിട്ടില്ല | 17540000 | 11680314 | 320000 | 12000314 | 1513862 | | 10486452 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| മുന്നിരിപ്പ് | 6693248 |
| തൻവർഷം നിക്ഷേപിച്ചത് | 550955 |
| ആകെ | 7244203 |
| തൻവർഷം പിൻവലിച്ചത് | ഇല്ല |
| വർഷാവസാനം നീക്കിയിരിപ്പ് | 7244203 |

വർഷാവസാനം നീക്കിയിരിപ്പുള്ള സ്ഥിരനിക്ഷേപത്തിന്റെ വിവരം

| ക്രമ നമ്പർ | സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി | തുക |
|---|---|---|
| 1 | പേരാവൂർ റീജിയണൽ സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് എഫ്.ഡി നമ്പർ 10414001004774/30-3-2023 | 7229193 |
| 2 | മലബാർ ടൂറിസം ഡവലപ്പ്മെന്റ് കോ ഓപ്പറേറ്റീവ് ലിമിറ്റഡ് ഷെയർ സർട്ടിഫിക്കറ്റ് നമ്പർ 4479/23-09-2015 | 10000 |
| 3 | മലബാർ ടൂറിസം ഡവലപ്പ്മെന്റ് കോ ഓപ്പറേറ്റീവ് ലിമിറ്റഡ് ഷെയർ (സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല) | 5010 |
| | | 7244203 |

B-12 ഷെഡ്യൂൾ പ്രകാരം ആകെ സ്ഥിരനിക്ഷേപം ₹7244203യാണെങ്കിലും ക്രമ നമ്പർ 3 പ്രകാരമുള്ള ₹5010 യുടെ ഷെയർ സർട്ടിഫിക്കറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. 2023-24 വർഷത്തെ നിക്ഷേപ രജിസ്റ്ററിലും ഈ ഷെയർ സർട്ടിഫിക്കറ്റിന്റെ വിവരം ഉൾപ്പെടുത്തിയിട്ടില്ല. മലബാർ ടൂറിസം ഡവലപ്പ്മെന്റ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡിന്റെ 5000 രൂപയുടെ ഷെയർ സർട്ടിഫിക്കറ്റ് പ്രിഫറൻസ് ഷെയറായി 4-7-2015 എടുക്കുകയും 25-9-2015 ന് വീണ്ടും 5000 രൂപയുടെ ഷെയർ കൂടി എടുത്ത് ആകെ 10000 യുടെ ഷെയർ സർട്ടിഫിക്കറ്റാണ് എടുത്തിട്ടുള്ളതെന്നും ₹5010 യുടെ ഷെയർ സർട്ടിഫിക്കറ്റിൽ 5000 രൂപ ബി 12 ഷെഡ്യൂളിൽ മുൻവർഷങ്ങളിൽ ഇരട്ടിപ്പായി രേഖപ്പെടുത്തിയതാണെന്നും 10 രൂപ അപേക്ഷ ഫീസാണെന്നുമാണ് വിശദീകരിച്ചത്.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച **11240** രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേർ, ഉദ്യോഗപ്പേരി | രശീത് നമ്പർ തീയ്യതി |
|---|---|---|---|---|
| 2021-22 | 1-32 | 4000 | ഹെഡ് മാസ്റ്റർ, ഗവ: യു.പി.എസ്, വിളക്കോട് | 1230100585, 09.06.2023 |
| 2021-22 | 1-32 | 4000 | ഹെഡ് മാസ്റ്റർ, ഗവ: യു.പി.എസ്, വിളക്കോട് | 1230100586, 09.06.2023 |
| 2022-23 | 1-16 | 1440 | പ്രഭജ, പി.ആർ.എസ് ഗാർമെന്റ്സ് | 1230502904, 19.03.2024 |
| 2022-23 | 1-16 | 1080 | ബിജി.എൻ.വി, അക്ഷയ കേന്ദ്രം. | 1230503315, 25.03.2024 |
| 2022-23 | 1-16 | 720 | റസാക്ക്. ടി.കെ, ലീമ ക്ലിനിക്കൽ ലബോറട്ടറി | 1230503447, 27.03.2024 |
| **ആകെ** | | **11240** | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | പരാമർശ വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 2000-01 | 12 | 2003-04 | 3.13.17 | മറ്റ് പരാമർശങ്ങൾ | പരാമർശം നിലനിൽക്കുന്നു |
| 2001-02 | 12, 13 | 2003-04 | 3.13.17 | മറ്റ് പരാമർശങ്ങൾ | പരാമർശം നിലനിൽക്കുന്നു |
| വിവരം ലഭ്യമല്ല | വിവരം ലഭ്യമല്ല | 2013-14 | 6.1.2 | പെർഫോർമൻസ് ഗ്രാന്റ് വിനിയോഗം കാര്യക്ഷമമല്ല | പരാമർശം നിലനിൽക്കുന്നു |
| 2016-17 | 2-3 | 2017-18 | 1.13.2 | വസ്തുനികുതി | പരാമർശം നിലനിൽക്കുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 60104576 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 45271663 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2208301 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

**ഇല്ല**

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|
| 1-16 | 70,000 | ശ്രീ. രാമചന്ദ്രൻ. വി, സെക്രട്ടറി |
| 1-17 | 4,99,892 | ശ്രീ. ബിജു. പി.ജെ, സെക്രട്ടറി |
| 1-18 | 1,00,000 | ശ്രീ. ബാലകൃഷ്ണൻ കെ കല്ല്യാടൻ, സെക്രട്ടറി-ഇൻ-ചാർജ് |
| 1-20 | 4,86,713 | ശ്രീ. ബിജു പി.ജെ. സെക്രട്ടറി |
| 1-22 | 3,99,882 | ശ്രീമതി ലക്ഷ്മിക്കുട്ടി. പി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-23 | 20,950 | ശ്രീമതി ലക്ഷ്മിക്കുട്ടി. പി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-24 | 96,500 | ശ്രീമതിലക്ഷ്മിക്കുട്ടി. പി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-25 | 3,00,000 | ശ്രീമതി ലക്ഷ്മിക്കുട്ടി പി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-26 | 9,000 | ശ്രീമതി ലക്ഷ്മിക്കുട്ടി പി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-27 | 17,064 | ഡോ. ഡിഗിനപ്രിയ. സി.പി മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-28 | 1,80,000 | ശ്രീ. ഷാജി. കെ.പി, വി.ഇ.ഒ, കാക്കയങ്ങാട് സർക്കിൾ. |
| 1-29 | 18,400 | ഡോ. ജിഷ. പി.എസ്, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-30 | 9,900 | ശ്രീ. ഗോപാലൻ. പി.പി, ഹെഡ് മാസ്റ്റർ |
| | 2208301 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. രാമചന്ദ്രൻ വി, സെക്രട്ടറി | വിരമിച്ചു | പുത്തൻപുരയിൽ, നെല്ലൂന്നി പി ഒ<br>മട്ടന്നൂർ, കണ്ണൂർ |
| ശ്രീ. ബിജു പി.ജെ, സെക്രട്ടറി | സെക്രട്ടറി,<br>എടക്കര ഗ്രാമപഞ്ചായത്ത്,<br>മലപ്പുറം | പാലത്തിങ്കൽ വീട്, മണിമൂളി പി.ഒ, മലപ്പുറം |
| ശ്രീ. ബാലകൃഷ്ണൻ കെ കല്ല്യാടൻ, സെക്രട്ടറി–ഇൻ–ചാർജ് | അസി.സെക്രട്ടറി മുഴക്കുന്ന് ഗ്രാമപഞ്ചായത്ത് | കല്ല്യാടൻ വീട്<br>പുന്നാട് പി.ഒ, കണ്ണൂർ |
| ലക്ഷ്മിക്കുട്ടി പി,<br>ഐ.സി.ഡി.എസ്<br>സൂപ്പർവൈസർ | സി ഡി പി ഒ തളിപ്പറമ്പ് അഡീഷണൽ 2 ,ആലക്കോട് | പെരുംചെല്ലി വീട്<br>കാട്ടിക്കണ്ടം പയ്യാവൂർ പി ഒ<br>670633, കണ്ണൂർ |
| ഡോ. ഡിഗിനപ്രിയ സി.പി<br>മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി | മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി മുഴക്കുന്ന് | റാം നിവാസ് കൊക്കാനിശ്ശേരി<br>പയ്യന്നൂർ-670307, കണ്ണൂർ |
| ശ്രീ. ഷാജി കെ.പി, വി.ഇ.ഒ,<br>കാക്കയങ്ങാട് സർക്കിൾ. | വി ഇ ഒ, അളഗപ്പനഗർ ഗ്രാമപഞ്ചായത്ത് (കൊടകര ബ്ലോക്ക് പഞ്ചായത്ത്)<br>തൃശ്ശൂർ ജില്ല | കണ്ണോത്ത് പടിഞ്ഞാറെ വീട്<br>പരിയാരം<br>കോളാരി പി ഒ, കണ്ണൂർ |
| ഡോ. ജിഷ. പി.എസ്,<br>മെഡിക്കൽ ഓഫീസർ,<br>ഹോമിയോ | മെഡിക്കൽ ഓഫീസർ,<br>ഗവ.ഹോമിയോ ഡിസ്പെൻസറി,<br>മുഴക്കുന്ന് | ഡ്രീംസ്<br>പുന്നാട് പി ഒ<br>കണ്ണൂർ-670703 |
| ശ്രീ. ഗോപാലൻ പി.പി,<br>ഹെഡ് മാസ്റ്റർ | | മണക്കാട്ട് വീട്<br>വളക്കൈ<br>കൊയ്യം പി ഒ, കണ്ണൂർ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2006-07 | കെ.എസ്.എ./കെ.എൻ.ആർ./സി.11/1429/2022 തീയതി: 13.10.2022 | 1 |
| 2007-08 | കെ.എസ്.എ./കെ.എൻ.ആർ./സി.11/1429/2022 തീയതി: 13.10.2022 | 1 |
| 2008-09 | കെ.എസ്.എ./കെ.എൻ.ആർ./സി.11/1429/2022 തീയതി: 13.10.2022 | 1 |
| 2010-11<br>2011-12 | കെ.എസ്.എ./കെ.എൻ.ആർ./സി.11/1429/2022 തീയതി: 13.10.2022 | 3 |
| 2012-13 | കെ.എസ്.എ./കെ.എൻ.ആർ./സി.11/1429/2022 തീയതി: 13.10.2022 | 3 |
| 2013-14<br>2014-15 | കെ.എസ്.എ./കെ.എൻ.ആർ./സി.11/1429/2022 തീയതി: 13.10.2022 | 1 |
| 2016-17 | കെ.എസ്.എ./കെ.എൻ.ആർ./സി.11/1429/2022 തീയതി: 13.10.2022 | 1 |
| 2019-20 | കെ.എസ്.എ/കെ.എൻ.ആർ/സി.11/626/2022 തീയതി: 01.06.2022 | 31 |
| 2020-21 | കെ.എസ്.എ/കെ.എൻ.ആർ/സി.11/627/2022 തീയതി: 01.06.2022 | 26 |
| 2021-22 | കെ.എസ്.എ/കെ.എൻ.ആർ/സി.11/1494/2022 തീയതി: 18.01.2023 | 27 |
| 2022-23 | കെ.എസ്.എ/കെ.എൻ.ആർ/സി.11/1494/2022 തീയതി: 18.01.2023 | 30 |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 175/2024 dated 10-07-2024 and submitted on 10-07-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03- 2024 , with supporting forms, of the Muzhakkunnu Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Muzhakkunnu Grama Panchayat as on 31-03-2024

**Date: 06/12/2024**

**Deputy Director**
**District Office Kannur**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Muzhakkunnu Grama Panchayat for the Year 2023-2024 .

**1.Major Observations**

Nil

**2.Other Observations**

1) Amount used for asset creation using specific purpose grant is not transferred to capital contribution and treated as revenue income

2) Updated asset register is not maintained to verify the accuracy of B-11 Schedule

3) Grant liability shown in B-4 schedule does not match with the corresponding bank account balance shown in B-17 schedule- Central finance commission grant, literacy grant,

4) Lapses in making timely and accurate demand entries in respect of tax and non tax revenue

5) Closing stock of gramapanchayath is not recorded in B-14 schedule

6) Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

7) The work which has part bill payment made is not accounted in capital work in progress in balance sheet

8) Advance register and appropriation control register are not maintained properly so as to verify the correctness of AFS

9) Details of other liability of Rs 3185634 shown in balance sheet -B-4 schedule ,Refunds payable-Deposit works- Rs 76000 in B-9 schedule are not provided

10) Expenditure in MGNREGS head does not match with the cash book maintained in institution

11) Finance commission grant expenditure as per AFS does not match with sulekha expenditure statement &Appropriation control register

12) Investment preference share worth Rs 5010 is wrongly entered in balance sheet under investment head

13) Mandatory Financial Statements such as notes on account, Ratios,comparitive amounts for the preceding year ,B1 Schedule prescribed in 2011 kerala panchayat raj accounting rules not submitted for audit with AFS

14) Expenditure on the grand item on Suchithwa Mission and ICDS central share are not reflected in Annual Financial Statement.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്



File No. LSGD/JD/KNR/636/2025-D4 (Computer No. 453296)

Generated from eOffice by BINDU E P, D4 JDKNR-LSGD, D4 JDKNR LSGD, JDKNR LSGD on 27/01/2025 11:46 AM

## Annex3-1

## RECEIPT & PAYMENT STATEMENT

**Muzhakkunnu Grama Panchayat**
**RECEIPT & PAYMENT STATEMENT**

For the period from 01-April-2023 to 31-March-2024

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 20982022.00 |
| Cash | Cash | RP-40(a) | 66877.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 931500.00 |
| 130000000 | Rental income from Panchayat Properties | RP-3 | 0.0 |
| 140000000 | Fees & User Charges | RP-4 | 4540119.00 |
| 150000000 | Sale & Hire Charges | RP-5 | 430197.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 10023300.00 |
| 171000000 | Interest Earned | RP-9 | 346605.00 |
| 190000000 | Prior Period Income | RP-11 | 625160.00 |
| 311000000 | Earmarked Funds | RP-28 | 24893.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 23582549.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 18461813.00 |
| 460000000 | Loans, Advances and Deposits | RP-49 | 40000.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 3240.00 |
| 330000000 | Secured Loans | RP-31 | 320000.00 |
| 340000000 | Deposits Received | RP-33 | 109929.00 |
| 350000000 | Other Liabilities | RP-35 | 665271.00 |

| | | | |
|---|---|---|---|
| | **Grand total** | | **81153475.00** |
| | **PAYMENTS** | | |
| | **Operating** | | |
| 220000000 | Administrative Expenses | RP-13 | 1874.00 |
| 311000000 | Earmarked Funds | RP-28 | 45.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 9041.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 11301815.00 |
| 460000000 | Loans, Advances and Deposits | RP-49 | 515000.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 14452.00 |
| 350000000 | Other Liabilities | RP-35 | 33429436.00 |

| | | | |
|---|---|---|---|
| | **Closing Balance** | | |
| Bank | Bank | RP-40(b) | 35714772.00 |
| Cash | Cash | RP-40(b) | 167040.00 |
| | **Grand Total** | | **81153475.00** |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## Annex3-2

## INCOME & EXPENDITURE STATEMENT

| | | | |
|---|---|---|---|
| | **Muzhakkunnu Grama Panchayat**<br>**INCOME & EXPENDITURE STATEMENT** | | |
| | For the period from 01-April-2023 to 31-March-2024 | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 5929552.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 750084.00 |

| | | | |
|---|---|---|---|
| 140000000 | Fee & User Charges | I-4 | 4846331.00 |
| 150000000 | Sale & Hire Charges | I-5 | 430197.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 128993171.00 |
| 170000000 | Income from Investments | I-7 | 550955.00 |
| 171000000 | Interest Earned | I-8 | 346605.00 |
| 180000000 | Other Income | I-9 | 3240.00 |
| | **Total Income** | | **141850135.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 11503093.00 |
| 220000000 | Administrative Expenses | I-11 | 1387977.00 |
| 230000000 | Operations & Maintenance | I-12 | 1191664.00 |
| 240000000 | Interest & Finance Charges | I-13 | 152.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 4213222.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 32489981.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 2517001.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 37278468.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 43951500.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 2249317.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 6126.00 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 9695739.00 |

| | | | |
|---|---|---|---|
| | **Total Expenditure** | | **146484240.00** |
| | **Gross Surplus / Deficit of income over Expenditure** | | **-4634105** |
| 1900000000 | Prior Period Income | I-19 | 704509 |
| 290000000 | PriorPeriod Expenditure | I-18 | -8607 |
| | Net difference I-19 – I-18 | | -713116 |
| | **Gross Surplus / income over expenditure after prior period** | | **-3920989** |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## Annex3-3

## BALANCE SHEET

| | | | |
|---|---|---|---|
| | **Muzhakkunnu Grama Panchayat**<br>**BALANCE SHEET** | | |
| | As on 31-March-2024 | | |
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 9931912.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 133557.00 |
| 312000000 | Reserves | B-3 | 76632969.00 |
| | **Total Reserve & Surplus** | | **86698438.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 27833524.00 |
| | **Total Grants, Contributions for Specific Purposes** | | **27833524.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 10486452.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **10486452.00** |

| | | | |
|---|---|---|---|
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 681177.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2637461.00 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **3318638.00** |
| | **TOTAL LIABILITIES** | | **128337052.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 1349569.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 3397618.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 13950610.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 92598693.00 |
| 416000000 | Accumulated Depreciation | B-11(a) | -51424044.00 |
| | **Total Fixed Assets** | | **59872446.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 7244203.00 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **7244203.00** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 2234.00 |
| 431000000 | Sundry Debtors (Receivables) | B-15 | 11454118.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 11680314.00 |
| 450000000 | Cash and Bank Balance | B-17 | 35881812.00 |

| | | | |
|---|---|---|---|
| 460000000 | Loans, Advances and Deposits | B-18 | 2201925.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **61220403.00** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **128337052.00** |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.